I. ഇ.ബി. XII-കേരള നിയമസഭ/XIV-22

**പന്ത്രണ്ടാം കേരള നിയമസഭ**

പതിനാലാം സമ്മേളനം

**നിയമസഭാ നടപടികൾ - സംഗ്രഹം**

(ചോദ്യോത്തരങ്ങൾ ഒഴികെ)

2010 മാർച്ച് 29, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ.രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**അടിയന്തിരപ്രമേയം**

നബാർഡിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ടുള്ള വായ്പ നൽകൽ

മി. സ്പീക്കർ: നബാർഡിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വായ്പ നൽകാൻ സംസ്ഥാന സഹകരണ ബാങ്കുകൾ നടത്തുന്ന ശ്രമങ്ങൾമൂലം നബാർഡിന്റെ ആനുകൂല്യങ്ങൾ സഹകരണ മേഖലയ്ക്ക് നഷ്ടമാകുമെന്ന് പറയപ്പെടുന്ന സ്ഥിതിവിശേഷത്തെപ്പറ്റി സഭാ നടപടികൾ നിറുത്തിവെച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ.സി.ജോസഫ്, ജോസഫ് എം. പുതുശ്ശേരി, സി.ടി.അഹമ്മദ് അലി, കെ.കെ.ഷാജു, കെ.ബി.ഗണേഷ്കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): നബാർഡിന്റെ വ്യവസ്ഥകൾ ലംഘിച്ചുകൊണ്ട് സ്വകാര്യ സ്ഥാപനങ്ങൾക്ക്

സംസ്ഥാന സഹകരണ ബാങ്കിൽനിന്നും വായ്പ നൽകുന്നതുമായി ബന്ധപ്പെട്ട് പുറത്തുവന്നിട്ടുള്ള വാർത്ത സംബന്ധിച്ച് സർക്കാർ പരിശോധി ക്കുകയുണ്ടായി. സ്വകാര്യ സ്ഥാപനങ്ങൾക്ക് വായ്പ കൊടുക്കാനുള്ള തീരു മാനമെടുത്തിട്ടുണ്ട്. നിയമാനുസൃതമായി ആവശ്യമായ ജാമ്യത്തിന്റെ അടി സ്ഥാനത്തിൽ എല്ലാ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടാണ് ലോൺ അനുവ ദിക്കുന്നത് എന്നാണ് ഗവണ്മെന്റിനു കിട്ടിയ റിപ്പോർട്ട്. ഇത് കൂടുതലായി പരി ശോധിക്കണം. പ്രശ്നമുള്ളതായിട്ട് ഗവണ്മെന്റിന് തോന്നുന്നില്ല. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

<u>ശ്രീ. കെ.സി. ജോസഫ്</u> : വളരെ ഗൗരവമേറിയ ഈ വിഷയത്തെ ലഘൂ കരിക്കാനാണ് മന്ത്രി ശ്രമിച്ചിട്ടുള്ളത്. നബാർഡിന്റെ വായ്പാ നടപടിക്രമങ്ങൾ ലംഘിച്ചുകൊണ്ട് സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും വായ്പ നൽകാനുള്ള സംസ്ഥാന-ജില്ലാ സഹകരണ ബാങ്കുകളുടെ തീരുമാനം സഹകരണ മേഖലയിൽ രൂക്ഷമായിട്ടുള്ള പ്രതിസന്ധിക്ക് വഴിതെളിയിച്ചിരി ക്കുന്നു. തിരുവനന്തപുരത്തെ എസ്.ആർ. എഡ്യൂക്കേഷണൽ ട്രസ്റ്റിന് 27 കോടി രൂപയും ചാത്തന്നൂരിലെ പൊടിക്കുഞ്ഞ് മുസലിയാർ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന് 100 കോടി രൂപയുടെ ടേംലോണും 7 കോടി രൂപയുടെ ബാങ്ക് ഗ്യാരന്റിയും നൽകാനുള്ള നീക്കം നബാർഡിന്റെ വ്യവസ്ഥകളുടെ വ്യക്തമായ ലംഘനമാണ്. റബ്കോ ഉൾപ്പെടെയുള്ള സ്ഥാപനങ്ങൾക്ക് സംസ്ഥാന സഹകരണ ബാങ്ക് നൽകിയ പല വൻകിട വായ്പകളും കിട്ടാക്കട മായി മാറിയിരിക്കുന്നു. നബാർഡിന്റെ നിർദ്ദേശത്തിന് വിരുദ്ധമായി നിഷ്ക്രിയ ആസ്തി 14 ശതമാനം കഴിഞ്ഞിരിക്കുകയാണ്. ഫലത്തിൽ കാർഷിക മേഖലയിൽ ഉൾപ്പെടെ നബാർഡിൽനിന്നും ലഭിക്കുന്ന വായ്പാ സൗകര്യങ്ങൾ ഇല്ലാതാകുകയും സംസ്ഥാന-ജില്ലാ-പ്രൈമറി സഹകരണ

ബാങ്കുകളുടെ പ്രവർത്തനം സ്തംഭിക്കുകയും ചെയ്യുന്ന അവസ്ഥ സംജാതമാകാൻ പോകുകയാണ്. കാർഷിക മേഖലയിൽ ഗുരുതരമായ പ്രതിസന്ധി ഉണ്ടാകാൻ പോകുന്ന സാഹചര്യം കണക്കിലെടുത്ത് ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

സഹകരണവും കയറും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): കേരളത്തിൽ കാർഷിക മേഖലയിലെ പ്രതിസന്ധിക്ക് കാരണം സഹകരണ മേഖലയിലെ പ്രശ്നങ്ങൾ അല്ല. സഹകരണ മേഖലയിൽനിന്നും വർഷം തോറും എടുക്കുന്ന 2000-ൽ ചില്ലാനം കോടി രൂപയുടെ വായ്പ കൊണ്ടാണ് കാർഷിക മേഖല മുന്നോട്ടുപോകുന്നത്. സംസ്ഥാന സഹകരണ ബാങ്കിനെ സഹായിക്കേണ്ട നബാർഡ് തെറ്റായ നിർദ്ദേശങ്ങൾ നൽകി സംസ്ഥാനത്തെ കാർഷിക-സഹകരണ മേഖലകൾക്കും ഭക്ഷ്യസുരക്ഷയ്ക്കും എതിരായിട്ടുള്ള നീക്കമാണ് നടത്തിവരുന്നത്. ഒരു ബാങ്കിന്റെയും ആഭ്യന്തര കാര്യങ്ങളിൽ സർക്കാർ അനാവശ്യമായി ഇടപെടാറില്ലെങ്കിൽപ്പോലും സംസ്ഥാനത്ത് 60,000 കോടി രൂപയുടെ ഡെപ്പോസിറ്റും 52,000 കോടി രൂപയുടെ ലോണും മറ്റ് സ്വർണ്ണപ്പണയ വായ്പകളുമൊക്കെയുള്ള സഹകരണ ബാങ്കുകളെ സംരക്ഷിക്കേണ്ട ബാധ്യത സർക്കാരിനുണ്ട്. എസ്.ആർ. എഡ്യൂക്കേഷണൽ ട്രസ്റ്റിന് 27 കോടി രൂപയും കൊല്ലത്തെ പൊടിക്കുഞ്ഞ് മുസലിയാർ മെമ്മോറിയൽ ചാരിറ്റബിൾ ട്രസ്റ്റിന് 100 കോടി രൂപയും അനുവദിച്ചത് ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം എല്ലാ നിയമങ്ങളും പാലിച്ചുകൊണ്ടാണ്. 153 കോടി രൂപയുടെ വസ്തു ജാമ്യവും ആൾ ജാമ്യവും വാങ്ങിയിട്ടാണ് പൊടിക്കുഞ്ഞ് മുസലിയാർ മെമ്മോറിയൽ ട്രസ്റ്റിന് 100 കോടി രൂപയുടെ വായ്പ അനുവദിച്ചത്. വായ്പ അനുവദിക്കുന്ന കാര്യത്തിൽ നിയമാനുസൃതം തീരുമാനമെടുക്കാനുള്ള അവകാശം ഡയറക്ടർ ബോർഡിനുണ്ട്. ബാങ്കിന്റെ

ബൈലോ പ്രകാരം സ്വകാര്യ സ്ഥാപനങ്ങൾക്കും വ്യക്തികൾക്കും നിയമാനുസൃതം വായ്പ കൊടുക്കാനുള്ള അനുവാദവും ബോർഡിൽ നിക്ഷിപ്തമാണ്. സംസ്ഥാന സഹകരണ ബാങ്കിനെ ഉയർത്തിക്കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടി ബാങ്കിന്റെ തലപ്പത്ത് വളരെ പ്രഗത്ഭരായ ആളുകളെയാണ് നിയമിച്ചിട്ടുള്ളത്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം സഹകരണ ബാങ്കിലെ കിട്ടാക്കടം 31 ശതമാനത്തിൽനിന്നും 14 ശതമാനമായി കുറച്ചുകൊണ്ടുവരാൻ സാധിച്ചു. സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനം യാതൊരു അഴിമതിക്കും ഇടയില്ലാത്തവിധത്തിൽ വളരെ കാര്യക്ഷമമായി മുന്നോട്ടുപോകുകയാണ്. നബാർഡ് ഒരു ശതമാനം പലിശ നിരക്കിൽ തന്നിരുന്ന ഹ്രസ്വകാല കാർഷിക വായ്പയ്ക്കുള്ള പലിശ നിരക്ക് 4 ശതമാനമാക്കിയ നടപടി പിൻവലിക്കണമെന്ന് സംസ്ഥാനം ആവശ്യപ്പെട്ടിട്ടും അക്കാര്യത്തിൽ നടപടിയൊന്നും സ്വീകരിച്ചിട്ടില്ല. മുതിർന്ന പൗരന്മാർക്ക് ഫിക്സഡ് ഡെപ്പോസിറ്റിന് 11 ശതമാനം വരെ പലിശ നൽകുകയും ആ ഫണ്ട് ഉപയോഗിച്ച് 7 ശതമാനത്തിന് കാർഷികാവശ്യങ്ങൾക്ക് ലോൺ അനുവദിക്കുകയും ചെയ്യുന്ന സഹകരണബാങ്കിനെ ആക്ഷേപിക്കുന്നത് ശരിയല്ല. അതീവ ഗുരുതരമായ സഹകരണ വിരുദ്ധസ്വഭാവമാണ് നബാർഡ് കേരളത്തോട് കാണിക്കുന്നത്. വൈദ്യനാഥൻ കമ്മീഷൻ റിപ്പോർട്ടിലെ തീരുമാനപ്രകാരം സംസ്ഥാന സഹകരണ വകുപ്പുമായി ചർച്ചചെയ്ത് ഒരു റിപ്പോർട്ട് കൊണ്ടുവരാൻ നബാർഡിനോട് പറഞ്ഞെങ്കിലും നബാർഡ് അതിന് തയ്യാറായിട്ടില്ല. ഈ ഒരു പ്രശ്നം മാത്രമാണ് അവശേഷിക്കുന്നത്. നബാർഡിന്റെ ഇത്തരം നടപടികൾക്കെതിരെ അന്വേഷണം വേണമെന്ന് കേന്ദ്രഗവൺമെന്റിനോട് സംസ്ഥാന സർക്കാർ ആവശ്യപ്പെടുകയാണ്. ഇക്കാര്യത്തിൽ ക്രമവിരുദ്ധമായി യാതൊന്നുമില്ല. മുൻകാലങ്ങളിലുള്ള ആയി

രക്കണക്കിന് കോടി രൂപയുടെ തട്ടിപ്പും വെട്ടിപ്പും അവസാനിപ്പിച്ച് സംശുദ്ധ മായ പ്രവർത്തനമാണ് സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ നടക്കുന്നത്.

പ്രതിപക്ഷ നേതാവ് (ശ്രീ. ഉമ്മൻചാണ്ടി): നബാർഡും സംസ്ഥാനവും തമ്മിൽ ഇതു സംബന്ധിച്ച് എന്തെങ്കിലും പ്രശ്നമുണ്ടെങ്കിൽ കേരളത്തിന്റെ താൽപര്യമനുസരിച്ച് അതിൽ മാറ്റങ്ങൾ വരുത്താൻ ശ്രമിക്കണം. നബാർഡും സ്റ്റേറ്റും തമ്മിലുള്ള കാര്യങ്ങളിൽ എന്തെങ്കിലും മാറ്റങ്ങൾ സ്റ്റേറ്റിന് വേണമെ ങ്കിൽ അതേക്കുറിച്ച് ആലോചിക്കണം. സംസ്ഥാന സഹകരണ ബാങ്ക് കൊടു ത്തിട്ടുള്ള ലോണിനെ സംബന്ധിച്ച പ്രശ്നം ഇവിടെ ഉന്നയിക്കുകയും അതിന്റെ രേഖ തരികയും ചെയ്തതിനുശേഷം ഇതിനകത്ത് എന്തെങ്കിലും ക്രമക്കേട് വന്നിട്ടുണ്ടെങ്കിൽ അതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് സഹകരണ വകുപ്പുമന്ത്രിക്ക് ഒഴിഞ്ഞുമാറാൻ പറ്റില്ല. ഇന്ത്യാവിഷന് മൂന്ന് കോടി രൂപ ലോൺ കൊടുത്തതിന്റെ പേരിൽ വിജിലൻസ് കേസ് നടക്കുകയാണ്.

ശ്രീ. ജി. സുധാകരൻ: ഇന്നത്തെ പരിശോധനയിൽ യാതൊരു അപാക തയും ഇന്ത്യാ വിഷനുമായി ബന്ധപ്പെട്ട കേസ്സിൽ അവശേഷിക്കുന്നില്ലെന്ന് ഈ സഭയിൽ പറയാനുള്ള ഡോക്യുമെന്റ്സ് കിട്ടിയിട്ടുണ്ട്. ക്രമക്കേട് വന്നി ട്ടുണ്ടെങ്കിൽ പരിശോധിക്കാവുന്നതാണ്. ഇന്ത്യാവിഷന് കൊടുത്ത ലോണും പലിശയുമൊക്കെ അവർ അടച്ചു തീർത്തിട്ടുണ്ട്. നബാഡിന്റെ ഡയറക്ടർ ബോർഡ് മീറ്റിംഗിൽ ചീഫ് ജനറൽ മാനേജർ പങ്കെടുത്തിരുന്നു. അദ്ദേഹം അക്കാര്യത്തിൽ ഒരു ഡിസന്റും പറഞ്ഞിട്ടില്ല. അങ്ങ് ഇവിടെ ഉദ്ധരിച്ച ഗൈഡ്ലൈൻ ആധികാരികമായ ഗൈഡ്ലൈൻ ആണോ എന്ന് പരിശോധിച്ച് അതിന്റെ അടിസ്ഥാനത്തിൽ കോ-ഓപ്പറേറ്റീവ് ബാങ്കുമായിട്ട് ആശയ വിനി മയം നടത്താം. ബാങ്ക് കൊടുക്കുന്ന ലോണിന് സഹകരണ വകുപ്പുമന്ത്രിക്കും മുഖ്യമന്ത്രിക്കും നേരിട്ട് ഉത്തരവാദിത്വം വരില്ല. ഇതുസംബന്ധിച്ച് ആശയവി

നിമയം ഗവൺമെന്റ് നടത്താം. ന്യായമായ ലോണാണെങ്കിൽ ആ ലോൺ അലോട്ട് ചെയ്യുന്നതിനെ ഗവൺമെന്റ് തടയുകയില്ല. ഇക്കാര്യം സഭാ നടപടികൾ നിറുത്തിവച്ച് ചർച്ചചെയ്യേണ്ട കാര്യമില്ല.

(അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

**ശ്രദ്ധക്ഷണിക്കൽ**

(1) കേന്ദ്ര ഫണ്ട് വിനിയോഗം

ശ്രീ. വി.ഡി. സതീശൻ: കേന്ദ്ര സർക്കാരിന്റെ വിവിധ മന്ത്രാലയങ്ങളിൽ നിന്ന് സംസ്ഥാനത്തിന് ലഭിക്കേണ്ടുന്ന ഫണ്ട് വിനിയോഗത്തിൽ ഈ സർക്കാർ കുറ്റകരമായ അനാസ്ഥയും വീഴ്ചയും വരുത്തിയതുമൂലം സംസ്ഥാനത്തിന് ലഭിക്കേണ്ട കോടിക്കണക്കിന് രൂപ ചെലവഴിക്കപ്പെടാതെ ലാപ്സായി പോയിരിക്കുകയാണ്. ദേശീയ തൊഴിലുറപ്പുപദ്ധതി, ദേശീയ ഗ്രാമീണ ആരോഗ്യ ദൗത്യം പദ്ധതി, സുനാമി ദുരിതാശ്വാസ പദ്ധതി തുടങ്ങിയവയ്ക്കായി കേന്ദ്രം അനുവദിച്ച തുകയൊന്നും പൂർണ്ണമായി വിനിയോഗിക്കാനോ സംസ്ഥാനത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി പ്രയോജനപ്പെടുത്തുന്നതിനോ ഈ സർക്കാരിന് സാധിച്ചിട്ടില്ല. പുതിയ കേന്ദ്ര ഫണ്ട് ലഭിക്കണമെങ്കിൽ കേന്ദ്രത്തിൽ നിന്നും അനുവദിച്ചു കിട്ടിയ തുക ചെലവഴിച്ചേ മതിയാകൂ. ഇന്ദിരാ ആവാസ് യോജന ഭവനനിർമ്മാണ പദ്ധതി, സുവർണ്ണ ജയന്തി റോസ്ഗാർ യോജന എന്നീ പദ്ധതികളും കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിലുള്ള നാഷണൽ അസിസ്റ്റൻസ് പ്രോഗ്രാം, ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യപെൻഷൻ, ദേശീയ കുടുംബ സഹായ പദ്ധതി, വിധവാ പെൻഷൻ പദ്ധതി, വികലാംഗ പെൻഷൻ, അന്നപൂർണ്ണ പദ്ധതി എന്നീ കേന്ദ്രാവിഷ്കൃത പദ്ധതികളുടേയും തുക ഈ സർക്കാർ ലാപ്സാക്കി. വയനാട്, കാസർഗോഡ്, പാലക്കാട് എന്നീ ജില്ലകൾക്കുവേണ്ടി

കേന്ദ്രം അനുവദിച്ച പ്രത്യേക പാക്കേജ് ഫണ്ടും, ഇടുക്കി ജില്ലയ്ക്ക് പ്രഖ്യാപിച്ച നാണ്യവിള പാക്കേജും നടപ്പിലാക്കാൻ ഈ സർക്കാരിന് സാധിച്ചില്ല. സംസ്ഥാനത്തിന് ലഭ്യമായ സ്പൈസസ് പാർക്കിന്റെ സ്ഥലമേറ്റെടുപ്പ് നടപടി ഇതുവരെ പൂർത്തിയായിട്ടില്ല. കുട്ടനാട് പാക്കേജിന് വേണ്ട ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സംസ്ഥാനത്തുനിന്ന് സമർപ്പിക്കപ്പെട്ടപ്പോൾ സ്വാമിനാഥൻ കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ പരിശോധിക്കാതെ നബാർഡിന് കൊടുത്ത സംസ്ഥാന പദ്ധതികൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചതുകൊണ്ടാണ് പല പദ്ധതികൾക്കും പണം കിട്ടാതെ പോയത്. ഐ.ഐ.എസ്.ഇ. പദ്ധതി കൊച്ചിൻ സർവ്വകലാശാല വേണ്ടെന്ന് വച്ചതുകൊണ്ട് 550 കോടി രൂപയാണ് നഷ്ടപ്പെട്ടത്. രാജീവ്ഗാന്ധി ബയോടെക്നോളജി സെന്ററിന് രണ്ട് കേന്ദ്ര ബഡ്ജറ്റുകളിൽ പണം അനുവദിച്ചിട്ടും അത് വാങ്ങിയെടുക്കാൻ കഴിഞ്ഞില്ല. കേന്ദ്ര ധനസഹായത്തിലൂടെയും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും സംസ്ഥാനത്തിന് ലഭിക്കുന്ന ഭീമമായ തുക ചെലവഴിക്കപ്പെടാതെ പോകുന്ന ഗുരുതരമായ പ്രശ്നം പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കേന്ദ്രാവിഷ്കൃത പദ്ധതികൾ (സി.എസ്.എസ്), മറ്റ് കേന്ദ്ര സഹായ പദ്ധതികൾ (ഒ.സി.എ), കേന്ദ്ര സർക്കാരിന്റെ മാർഗ്ഗ നിർദ്ദേശമനുസരിച്ച് പ്രത്യേക ഏജൻസികൾ വഴി നടപ്പിലാക്കുന്ന പദ്ധതികൾ (മിഷൻ മോഡ്), സംസ്ഥാനം പ്രോജക്ട് നൽകുന്നതനുസരിച്ച് കേന്ദ്ര സഹായം ലഭിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ (ഡിമാന്റ് ഡ്രിവൺ) തുടങ്ങി നാല് വിഭാഗത്തിൽപ്പെടുന്ന കേന്ദ്ര സഹായം ലഭിക്കുന്ന പദ്ധതികൾ ഉണ്ട്. സെക്രട്ടറിമാർ വകുപ്പദ്ധ്യക്ഷൻമാരുടെ യോഗം വിളിച്ച് പദ്ധതി നടത്തിപ്പിന്റെ പുരോഗതി അവലോകനം നടത്തുകയും പദ്ധതി

പ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശം നൽകുകയും ചെയ്യുന്നു. എല്ലാ മാസവും സെക്രട്ടറിമാരുടെ യോഗത്തിൽ ചീഫ് സെക്രട്ടറി പദ്ധതികളുടെ നടത്തിപ്പ് പുരോഗതി അവലോകനം ചെയ്യുകയും പദ്ധതി പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുവേണ്ട നിർദ്ദേശം നൽകുകയും ചെയ്യു ന്നുണ്ട്. മുഖ്യമന്ത്രിയും കാലാകാലങ്ങളിൽ പദ്ധതി പ്രവർത്തന പുരോഗതി അവലോകനം ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പങ്കെടുക്കുന്ന അവലോകന യോഗം നടത്തുകയും പദ്ധതി നടത്തിപ്പിൽ തടസ്സങ്ങളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിന് നിർദ്ദേശം നൽകുകയും ചെയ്യുന്നു. കേന്ദ്ര ഗവൺമെന്റിൽനിന്ന് സമയബന്ധിതമായി പദ്ധതി കൾക്കുള്ള തുക നേടിയെടുക്കുക, വിനിയോഗ സർട്ടിഫിക്കറ്റ് നൽകുക എന്നിവ സംബന്ധിച്ച അവലോകനവും നടത്തുന്നു. കേന്ദ്രാവിഷ്കൃത പദ്ധതി കളുടെ ഫണ്ട് റിലീസ് സമയബന്ധിതമായി നേടിയെടുക്കുന്നതിന് ഡൽഹി യിലെ റസിഡന്റ് കമ്മീഷണർ ബന്ധപ്പെട്ട കേന്ദ്രമന്ത്രാലയത്തിലെ തടസ്സങ്ങൾ നീക്കുന്നതിന് നടപടി എടുക്കാറുണ്ട്. പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് പ്ളാനിംഗ് കമ്മീഷൻ മെമ്പർമാർ പദ്ധതി പ്രവർത്തനങ്ങളെക്കുറിച്ച് ഇടക്കാല അവലോകനം നടത്തി പ്രവർത്തന പുരോഗതിയിലുള്ള പ്രശ്നങ്ങൾ പരിഹരി ക്കുന്നതിനും പദ്ധതി നടത്തിപ്പ് ഊർജ്ജിതപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശ ങ്ങൾ ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകുകയും ചെയ്യാറുണ്ട്.

(2) <u>ഫയർ ആന്റ് റെസ്ക്യൂ വകുപ്പിന്റെ ആധുനികവൽക്കരണം</u>

<u>ശ്രീ. രാജു എബ്രഹാം</u>: കേരളത്തിലെ അഗ്നിശമന സേനയുടെ പ്രവർത്തനം മാതൃകാപരമാണെങ്കിലും കാലഘട്ടത്തിനനുസരിച്ച് യൂണിറ്റുകളിലെ ആധുനികവൽക്കരണം നടക്കുന്നില്ല എന്നുള്ളത് പോരായ്മ യാണ്. അത്യാഹിതങ്ങളും അപകടങ്ങളും സംഭവിക്കുമ്പോൾ

പ്രവർത്തിപ്പിക്കാനാവശ്യമായ ആധുനിക ഉപകരണങ്ങൾ സേനയ്ക്ക് ലഭ്യമാക്കണം. ഫയർഫോഴ്സ് അംഗങ്ങൾക്ക് നീന്തൽ പരിശീലനം നിർബന്ധമാക്കണം. സ്കൈ ലാഡർ, ഫയർ ടെന്റുകൾ, സ്കൈ ഡൈവിംഗ് ഉപകരണങ്ങൾ, ഓക്സിജൻ മാസ്ക്കുകൾ, സ്പീഡ് ബോട്ടുകൾ, ഹെലികോപ്റ്ററുകൾ എന്നിവ ഫയർഫോഴ്സ് യൂണിറ്റുകളിൽ ലഭ്യമാക്കണം. കാലപ്പഴക്കം ചെന്ന വാഹനങ്ങൾ മാറ്റി പുതിയവ നൽകണം. കേന്ദ്ര സഹായത്തോടെ 500 കോടി രൂപയുടെ നവീകരണപദ്ധതി നടപ്പിലാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വർദ്ധിച്ചുവരുന്ന അത്യാഹിതങ്ങളും പ്രകൃതിക്ഷോഭം മൂലമുള്ള ദുരന്തങ്ങളും ഭീകരാക്രമണ ഭീഷണിയുമൊക്കെ കണക്കിലെടുത്ത് ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിനെ ആധുനികവൽക്കരിക്കാൻ സർക്കാർ ശ്രമം നടത്തിവരുകയാണ്. ഈ വർഷം ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി നീക്കിവച്ച തുകയിൽ നിന്ന് 10 കോടി രൂപ മുടക്കി 27 പുതിയ ഫയർ ടെന്റുകൾ, രണ്ട് എസ്ക്കവേറ്ററുകൾ, ഔട്ട് ബോർഡ് എൻജിൻ ഘടിപ്പിച്ച റബ്ബർ ഡിങ്കികൾ, രണ്ട് സ്പീഡ് ബോട്ടുകൾ, അണ്ടർ വാട്ടർ ബ്രീത്തിംഗ് അപ്പാരറ്റസ്, രാത്രികാല രക്ഷാപ്രവർത്തനങ്ങൾക്കായുള്ള ഉപകരണങ്ങൾ, വാഹനങ്ങൾക്കുള്ള ടയറുകൾ തുടങ്ങിവ വാങ്ങിച്ചിട്ടുണ്ട്. ഈ വർഷത്തെ പ്ലാൻ ഫണ്ടിൽ നിന്ന് രണ്ട് കോടി രൂപ ചെലവഴിച്ച് ആധുനിക ഉപകരണങ്ങൾ വാങ്ങിക്കൊടുത്തു. സ്കൈ ലിഫ്റ്റും ഹൈഡ്രോളിക് റെസ്ക്യൂ ടൂൾസുൾപ്പെടെയുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 9.30 കോടി രൂപ ഈ സാമ്പത്തിക വർഷത്തെ പ്ലാൻ ഫണ്ടിൽ വകയിരുത്തിയിട്ടുണ്ട്. ഫയർ ആന്റ് റെസ്ക്യൂ ഡിപ്പാർട്ട്മെന്റ് സമർപ്പിച്ച 207 കോടി രൂപയുടെ നവീകരണ പദ്ധതിയിലെ 50 കോടി രൂപയുടെ പ്രവൃത്തിക്ക്

അടുത്ത വർഷം ആദ്യം തന്നെ ഭരണാനുമതി നൽകും. ആധുനിക യന്ത്ര സാമഗ്രികൾ കൈകാര്യം ചെയ്യുന്നതിന് വിയ്യൂർ ഫയർ ഫോഴ്സ് അക്കാഡമിയിൽ ഡിപ്പാർട്ടുമെന്റ് ഇൻസർവീസ് കോഴ്സ് നടത്തിക്കൊണ്ടിരിക്കുകയാണ്. പെട്രോളിയം ഉൽപ്പന്നങ്ങൾ മൂലമുണ്ടാകുന്ന അപകടങ്ങളെ നേരിടാൻ കൊച്ചിൻ റിഫൈനറിയിൽ ജീവനക്കാർക്ക് പരിശീനം നൽകിവരികയാണ്. ഫയർഫോഴ്സിൽ പുതുതായി റിക്രൂട്ട് ചെയ്യുന്നവർക്ക് ഫയർ അക്കാഡമിയിൽ നീന്തൽ പരിശീലനം നൽകാൻ തീരുമാനിച്ചിട്ടുണ്ട്. ഹെലിക്കോപ്റ്റർ വാങ്ങുന്ന കാര്യം ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. ഫയർസ്റ്റേഷനുകളുടെ എണ്ണത്തിനനുസരിച്ച് ജീവനക്കാരുടെ എണ്ണവും വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

**സബ്മിഷൻ**

(1) ടി.എസ്. കനാലിന്റെ നിർമ്മാണ പ്രവർത്തനം

ശ്രീ. ആനത്തലവട്ടം ആനന്ദൻ: കോവളം-കൊല്ലം ദേശീയ ജലപാതയിൽപ്പെടുന്ന കടയ്ക്കാവൂർ മുതൽ അഴൂർ വരെയുള്ള പ്രദേശത്തെ പ്രവൃത്തി പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): കോവളം മുതൽ കൊല്ലം വരെയുള്ള ദേശീയ ജല പാതയുടെ പ്രവൃത്തിയിലുൾപ്പെടുന്ന ചിറയിൻകീഴ് താലൂക്കിലെ കഠിനംകുളം കായൽ മുതൽ അഞ്ചുതെങ്ങുവരെയുമുള്ള കനാൽ ആഴം കൂട്ടുന്ന പ്രവൃത്തികൾ കരാർ പ്രകാരം നടന്നുവരികയാണ്. കനാലിൽ നിന്ന് മണൽ ഖനനം ചെയ്യുന്നതിന്റെ പ്രവർത്തനം മൈനിംഗ് ആന്റ് ജിയോളജി വകുപ്പും റവന്യൂ വകുപ്പും പരിശോധന നടത്തി കൃത്യത ഉറപ്പു വരുത്തുന്നുണ്ട്. കനാലിന്റെ ഇരുവശങ്ങൾക്കും സംരക്ഷണ പ്രവർത്തനങ്ങൾ നടക്കുന്ന സമയത്തുണ്ടായ മണ്ണിടിച്ചിലും മറ്റു ചില

പ്രാദേശിക പ്രശ്നങ്ങളും ജല ഗതാഗത വകുപ്പുദ്യോഗസ്ഥരും പഞ്ചായത്ത് മെമ്പർമാരും ചേർന്ന് പരിഹരിച്ചു. പ്രസ്തുത പ്രവർത്തനങ്ങൾക്ക് ജലഗതാഗത വകുപ്പ് വർക്കല സബ് ഡിവിഷനിലെ ഉദ്യോഗസ്ഥർ മേൽനോട്ടം നടത്തുന്നുണ്ട്.

(2) ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡിന് ധനസഹായം

ശ്രീ. കെ. അജിത്: ന്യൂസ്പ്രിന്റിന് ഇറക്കുമതി ചുങ്കം ഇല്ലാതാക്കിയതിലൂടെ ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് നേരിടുന്ന സാമ്പത്തികവും ഉൽപ്പാദനപരവുമായ ബുദ്ധിമുട്ടുകൾ പരിഹരിക്കാൻ പ്ലാന്റ് സ്ഥാപിക്കാൻ കമ്പനി കേന്ദ്രഗവൺമെന്റിന് സമർപ്പിച്ച 1200 കോടി രൂപയുടെ പദ്ധതി നേടിയെടുക്കാൻ പ്രതിപക്ഷനേതാവുൾപ്പെടെയുള്ളവരുടെ നിവേദക സംഘത്തെ കേന്ദ്രത്തിലേയ്ക്ക് അയയ്ക്കാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി.എസ്. അച്ചുതാനന്ദൻ): ന്യൂസ്പ്രിന്റിന്റെ ഇറക്കുമതിച്ചുങ്കം ഇല്ലാതാക്കിയതാണ് ഹിന്ദുസ്ഥാൻ ന്യൂസ്പ്രിന്റ് ലിമിറ്റഡ് അഭിമുഖീകരിക്കുന്ന പ്രധാന പ്രശ്നം. ന്യൂസ്പ്രിന്റ് മാത്രം ഉൽപ്പാദിപ്പിച്ചുകൊണ്ട് മുന്നോട്ടുപോകാൻ സാധിക്കില്ലെന്നു മനസ്സിലാക്കിയ കമ്പനി എഴുത്ത് മുദ്രണ കടലാസ് ഉൽപ്പാദിപ്പിക്കാനുള്ള 130 കോടി രൂപയുടെ ഒരു പദ്ധതി ആസൂത്രണം ചെയ്തിരിക്കുകയാണ്. കമ്പനിയുടെ മറ്റ് ആവശ്യങ്ങൾ കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതാണ്.

(3) ടാറിംഗ് തൊഴിലാളികൾ മരണപ്പെട്ട സംഭവം

(ഇത് സംബന്ധിച്ച് ശ്രീ. ബി. ബാബു പ്രസാദും സബ്മിഷൻ നൽകിയിട്ടുണ്ട്).

ശ്രീ. കോവൂർ കുഞ്ഞുമോൻ: 27-03-2010-ന് കോന്നി കൂടലിൽവച്ച് ലോറിമറിഞ്ഞ് മരണമടഞ്ഞ ടാറിംഗ് തൊഴിലാളികളുടെ കുടുംബത്തിന്

കോട്ടയം ബസ് അപകടത്തിൽപ്പെട്ടവരുടെ കുടുംബത്തിന് നൽകിയതുപോലുള്ള ധനസഹായം അടിയന്തിരമായി നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. എസ്. അച്ചുതാനന്ദൻ): 27-03-2010-ന് രാത്രി 10.30-ന് പുന്നമൂടിനുസമീപംവച്ച് റോഡ് ടാറിംഗിന് തൊഴിലാളികളെ കയറ്റിപ്പോയ ലോറി മറിഞ്ഞ് 6 പേർ മരണപ്പെടുകയും 9 പേർക്ക് പരിക്കേൽക്കുകയും ചെയ്തു. പരിക്കേറ്റവർ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. ഇക്കാര്യത്തിൽ ലോറി ഡ്രൈവർ പ്രതിയായി കൂടൽ പോലീസ് കേസ് രജിസ്റ്റർ ചെയ്യുകയും ഒളിവിൽപ്പോയ പ്രതിയെ അറസ്റ്റ് ചെയ്യാനുള്ള നടപടി ഊർജ്ജിതമാക്കുകയും ചെയ്തിയിട്ടുണ്ട്. മരണപ്പെട്ടവരുടെ കുടുംബത്തിന് ധനസഹായം നൽകുന്ന കാര്യം നാളത്തെ മന്ത്രിസഭായോഗം പരിഗണിക്കുന്നതാണ്.

(4) പെർഫോർമൻസ് ബഡ്ജറ്റ്

ശ്രീ. ആര്യാടൻ മുഹമ്മദ്: ബഡ്ജറ്റിനോടനുബന്ധിച്ചുള്ള പെർഫോർമൻസ് ബഡ്ജറ്റ് അടിയന്തിരമായി എല്ലാ അംഗങ്ങൾക്കും നൽകാനാവശ്യമായ നടപടി സ്വീകരിക്കണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): പൊതുമരാമത്ത്, കൃഷി, ഇറിഗേഷൻ, വനം എന്നീ വകുപ്പുകൾക്കുവേണ്ടി ബഡ്ജറ്റിലൂടെ വകയിരുത്തിയ തുകയുടെ വിനിയോഗവും സാമ്പത്തികവും ഭൗതികവുമായ ലക്ഷ്യപ്രാപ്തിയുടെ അവലോകനവും പ്രതിപാദിക്കുന്ന പെർഫോർമൻസ് ബഡ്ജറ്റ്, ബഡ്ജറ്റ് രേഖകളുടെ ഭാഗമല്ല. മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന പെർഫോർമൻസ് ബഡ്ജറ്റ് സംവിധാനം ഫലപ്രദമല്ലെന്നും അതിൽ

പലതരത്തിലുള്ള തെറ്റുകളും ന്യൂനതകളും കടന്നുവന്നിട്ടുള്ളതായും ശ്രദ്ധ യിൽപ്പെട്ടിട്ടുണ്ട്. കഴിഞ്ഞ പത്തുവർഷമായി ബഡ്ജറ്റ് ചർച്ചാവേളയിൽ ഒരു പ്രാവശ്യംപോലും പരാമർശിക്കപ്പെടാത്ത ഒരു രേഖയായി ഇത് മാറി യതിനാൽ സമൂലമായി പരിഷ്ക്കരിച്ച് പുതിയ രീതിയിൽവേണമെന്ന് തീരുമാ നിച്ചെങ്കിലും വേണ്ടത്ര ഫലപ്രദമായി ചെയ്യാൻ കഴിഞ്ഞിട്ടില്ല. പ്ലാനിംഗ് ബോർഡിന്റെ അംഗീകാരത്തോടെ തയ്യാറാക്കി, ചീഫ് സെക്രട്ടറിയുടെ കീഴി ലുള്ള പ്ലാനിംഗ് മോണിട്ടറിംഗ് സംവിധാനത്തിലൂടെ ഇത് ലഭ്യമാക്കുന്നതാണ്.

(5) <u>ചാവശ്ശേരി ടൗൺഷിപ്പ് കോളനി നിർമ്മാണം</u>

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: ടൗൺഷിപ്പ് കോളനിയായി പ്രഖ്യാപിച്ച പേരാവൂരിലെ ചാവശ്ശേരി ആദിവാസി കോളനിയിൽ പാർപ്പിടം, കുടിവെള്ള വിതരണം, വൈദ്യുതീകരണം, പി. എച്ച്. സി., കളിസ്ഥലം, കമ്മ്യൂ ണിറ്റി ഹാൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണ പ്രവർത്തന ങ്ങൾ അടിയന്തിരമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി <u>(ശ്രീ. എ. കെ. ബാലൻ)</u>: ആദിവാസി പുനരധിവാസ വികസന പരിപാടിയുടെ ഭാഗമായി കണ്ണൂർ ജില്ലയിലെ പഴശ്ശി ജലസേചന പദ്ധതിപ്രദേശത്തുനിന്ന് കൈമാറിക്കിട്ടിയ തലശ്ശേരി താലൂക്കിലെ ചാവശ്ശേരി, കോളാരി വില്ലേജുകളിലുൾപ്പെട്ട പ്രദേ ശത്തെ 139 കുടുംബങ്ങൾക്ക് ഭൂമി പതിച്ചു നൽകുകയുണ്ടായി. ഓരോ കുടുംബത്തിനും ഒരേക്കർ കൃഷിഭൂമിയും വീട് വയ്ക്കുന്നതിന് പത്ത് സെന്റ് സ്ഥലവും പതിച്ചുനൽകുകയും അടിസ്ഥാനസൗകര്യ വികസന പദ്ധതികളും സുസ്ഥിര വരുമാനമാർഗ്ഗങ്ങളുമുണ്ടാക്കാനുള്ള പദ്ധതികൾ നടപ്പിലാക്കി വരികയുമാണ്. ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ ആദിവാസി പുനരധി വാസ മിഷൻ മുഖേനയാണ് പദ്ധതികൾ നടപ്പിലാക്കുന്നത്. ശുദ്ധജല

വിതരണം, ഭവനനിർമ്മാണം, വൈദ്യുതീകരണം, റോഡ് നിർമ്മാണം, മണ്ണ് സംരക്ഷണം, കാർഷിക വികസനം എന്നിവയ്ക്കായി 49 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്. ഏറ്റെടുത്ത പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(6) മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി

ശ്രീ. കെ. ബി. ഗണേഷ് കുമാർ : കൊല്ലം ജില്ലയിലെ തെന്മല പഞ്ചായത്തിൽ ഫിഷറീസ് ഡിപ്പാർട്ടുമെന്റിന്റെ ഉടമസ്ഥതയിലുള്ള തടാകത്തിൽ ഒരു ഹാച്ചറി തുടങ്ങുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ഫിഷറീസും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കുവേണ്ടി നിയമവും പാർലമെന്ററി കാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെ നടപ്പിലാക്കുന്ന മത്സ്യകേരളം പദ്ധതിയിൻ കീഴിൽ മത്സ്യോൽപ്പാദനം 2 ലക്ഷം ടണ്ണായി വർദ്ധിച്ചിട്ടുണ്ട്. കൊല്ലം ജില്ലയിൽ 185 ഹെക്ടർ പ്രദേശത്ത് മത്സ്യക്കൃഷി നടപ്പിലാക്കിയിട്ടുണ്ട്. രാഷ്ട്രീയ വികാസ് യോജന പദ്ധതിപ്രകാരം കൊല്ലം ജില്ലയിലെ ആദിച്ചനെല്ലൂരിൽ സ്ഥലലഭ്യത, സാങ്കേതികക്ഷമത, പണലഭ്യത എന്നിവ പരിശോധിച്ച് 60 ലക്ഷം രൂപ ചെലവഴിച്ച് ഹാച്ചറി സ്ഥാപിക്കുന്ന കാര്യം ഗവൺമെന്റ് സജീവമായി പരിഗണിക്കുന്നതാണ്.

(7) സെക്രട്ടേറിയറ്റിന് മുമ്പിൽ നടത്തുന്ന കൂട്ടധർണ്ണ

ശ്രീ. എ. എ. ഷുക്കൂർ: ആലപ്പുഴ ജില്ലയിൽ കുട്ടനാട് ആർ. ബ്ലോക്കിൽ താമസിക്കുന്ന കർഷകത്തൊഴിലാളികൾ ഇന്ന് (29-03-2010) സെക്രട്ടേറിയറ്റ് പടിക്കൽ കൂട്ട ധർണ്ണ നടത്തുകയാണ്. 217 കർഷക തൊഴിലാളി കുടുംബങ്ങൾക്ക് പതിച്ചു നൽകിയ 156 ഏക്കർ മിച്ചഭൂമി കുട്ടമംഗലം സർവ്വീസ്

സഹകരണ ബാങ്കിൽ ഈടുവച്ച് കൃഷി ചെയ്യുന്നതിന് ജില്ലാസഹകരണ ബാങ്കിൽ നിന്ന് സഹായധനം വാങ്ങിക്കൊടുക്കാമെന്ന് വാഗ്ദാനം നൽകിയിരുന്നെങ്കിലും ബാങ്കിന്റെ പാസ്ബുക്ക് മാത്രമാണ് നൽകിയത്. ഇരുപത്തിയെട്ട് ലക്ഷം രൂപ ജില്ലാ സഹകരണ ബാങ്കിൽനിന്ന് എടുത്തത് അറുപത്തിയൊന്ന് ലക്ഷം രൂപയായി തിരിച്ചടയ്ക്കേണ്ട സ്ഥിതി വന്നു. ഭൂമിയിൽ കൃഷിചെയ്യാൻ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കാനോ അതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കാനോ ബാങ്ക് തയ്യാറായില്ല. 2000-ൽ ഭൂമിയുടെ ജപ്തി നടപടികൾ ആരംഭിക്കുകയും ആ ഭൂമി ബാങ്ക് തന്നെ തിരിച്ചുപിടിച്ച് ലേലത്തിൽ 61 ലക്ഷം രൂപയ്ക്ക് മറിച്ചുവിൽക്കുകയുണ്ടായി. കർഷക തൊഴിലാളികൾക്ക് ഈ ഭൂമി തിരിച്ചുകൊടുക്കാൻ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u>): കുട്ടനാട് താലൂക്കിൽ കൈനകരി വടക്ക് വില്ലേജിൽ ആർ-ബ്ലോക്കായി പതിച്ചുനൽകിയ മിച്ചഭൂമി കുട്ടമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ ഈടുനൽകി വായ്പയെടുത്ത 217 കർഷകരിൽ വായ്പ തിരിച്ചടച്ച ഒരാളൊഴികെയുള്ളവരുടെ പേരിൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്ത് എക്സിക്യൂഷൻ നടപടി സ്വീകരിച്ച് 151.57 ഏക്കർ നിലം ലേലത്തിൽ വച്ചെങ്കിലും ആരും ലേലം കൊള്ളാതിരുന്നതുകൊണ്ട് സ്ഥലം ബാങ്കിന്റെ ഉടമസ്ഥതയിലായി. കുട്ടനാട് തഹസീൽദാരുടെ വാല്യുവേഷൻ സർട്ടിഫിക്കറ്റ് പ്രകാരമുള്ള വിലയായ 75,34,786 രൂപയിൽ കുറയാത്ത വിലയ്ക്ക് നിലം വിൽക്കുന്നതിന് ജോയിന്റ് രജിസ്ട്രാർ 2004-ൽ അനുവാദം നൽകുകയും ശ്രീ. ജോസഫ് സെബാസ്റ്റ്യൻ എന്നയാൾക്ക് 60 ലക്ഷം രൂപയ്ക്ക് വിൽക്കാൻ ധാരണയാവുകയും ചെയ്തു. എന്നാൽ ജോയിന്റ് രജിസ്ട്രാർ നടത്തിയ പരിശോധനയിൽ ക്രമക്കേടുകൾ കണ്ടെത്തിയതിനെത്തുടർന്ന് ബാങ്ക് ഭരണസമിതിയെ പിരിച്ചുവിട്ട് ബാങ്കിനുണ്ടായ

നഷ്ടം ഉത്തരവാദികളിൽനിന്നും ഇടാക്കുന്നതിന് ഉത്തരവുണ്ടായി. കർഷക ത്തൊഴിലാളികൾക്ക് നൽകിയ മിച്ചഭൂമി അവരെ തെറ്റിദ്ധരിപ്പിച്ചും നിയമ വിരുദ്ധമായ രീതിയിലുമാണോ നഷ്ടപ്പെടുത്തിയിട്ടുള്ളതെന്നതിനെപ്പറ്റി നടത്തിയ അന്വേഷണത്തിൽ കൂടുതൽ പരിശോധന വേണ്ടിവരുമെന്ന റിപ്പോർട്ടിനെത്തുടർന്ന് നടപടികൾ സ്വീകരിച്ചുവരുന്നു.

(8) പൊതുസമുദായനാമം നൽകി ആനുകൂല്യങ്ങൾ ലഭ്യമാക്കാൻ നടപടി

ശ്രീ. എം. മുരളി: തിരുവിതാംകൂർ-കൊച്ചി മേഖലകളിലെ ഈഴ വാത്തികളെയും മലബാർ പ്രദേശത്തെ കാവുതീയരെയും വാദ്ധ്യായർ എന്ന സമുദായ നാമത്തിൽ അംഗീകരിച്ച് ഒ.ബി.സി.-യിൽത്തന്നെ നിലനിറുത്തുന്നതിന് നടപടി സ്വീകരിക്കണം.

പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും മറ്റ് പിന്നോക്ക സമുദായങ്ങളുടെ ലിസ്റ്റിൽ പ്രത്യേകം ഉൾപ്പെടുത്തിയിട്ടുള്ള രണ്ട് സമുദായങ്ങളാണ് ഈഴവാത്തിയും കാവുതീയരും. സാമൂഹികഘടനയിലും സാംസ്ക്കാരികമായ സവിശേഷതകളിലും ഈ രണ്ട് സമുദായങ്ങളും തനതായ അസ്ഥിത്വം നിലനിറുത്തുന്നതുകൊണ്ട് ഇവയെ ഒന്നായി പരിഗണിച്ച് പൊതുനാമം നൽകുക എന്നത് നരവംശശാസ്ത്രപരമായി ശരിയല്ല എന്നാണ് കിർത്താഡ്സ് അഭിപ്രായപ്പെട്ടിട്ടുള്ളത്. ഈ പ്രശ്നം ഒന്നു കൂടി പരിശോധിക്കുന്നതിനുവേണ്ടി കിർത്താഡ്സിന് റഫർ ചെയ്യാം.

(9) ടൂറിസം വികസനം

ശ്രീ. വർക്കല കഹാർ: വർക്കലയിൽ സുനാമി ദുരിതാശ്വാസ പദ്ധതി യിൽ അനുവദിച്ച കാപ്പിൽ പദ്ധതി നടപ്പാക്കാനും ബോട്ട് ക്ലബ്ബിന് പുതിയ

ബോട്ടുകൾ അനുവദിക്കാനും സാമൂഹ്യവിരുദ്ധശല്യം ഒഴിവാക്കാനും നടപടി സ്വീകരിക്കുന്നതോടൊപ്പം വർക്കലയുടെ സമഗ്രമായ ടൂറിസം വികസനം സംബന്ധിച്ച് ചർച്ച ചെയ്യാൻ ബന്ധപ്പെട്ടവരുടെ യോഗം വിളിക്കാനും തയ്യാറാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വർക്കല ടൂറിസം മേഖലയിൽ ചിലക്കൂർ മുതൽ കാപ്പിൽ വരെയുള്ള 6 കിലോമീറ്ററോളം കടൽത്തീരവും കുന്നിൻനിരകളും ചേർന്ന പ്രദേശത്താണ് ടൂറിസം പദ്ധതി നടപ്പിലാക്കി വരുന്നത്. അവിടെ സുനാമി ദുരിതാശ്വാസപദ്ധതിയിൽപ്പെടുത്തി അംഗീകരിച്ച പദ്ധതി സാങ്കേതിക കാരണങ്ങളാൽ നടപ്പാക്കാൻ കഴിഞ്ഞില്ലെങ്കിലും സംസ്ഥാന ഗവൺമെന്റിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കലയിലെ ടൂറിസം വികസനം നടപ്പാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സാമൂഹ്യവിരുദ്ധശല്യം ഒഴിവാക്കാൻ കൂടുതൽ ടൂറിസം പോലീസിനെ വിന്യസിക്കാനും രാത്രികാലങ്ങളിൽ ശക്തമായ പോലീസ് പട്രോളിംഗ് ഏർപ്പെടുത്താനും നിർദ്ദേശം നൽകിയിട്ടുണ്ട്. വർക്കലയിലെ ടൂറിസം വികസനം സംബന്ധിച്ച് ചർച്ച ചെയ്യുന്നതിനുവേണ്ടി ബന്ധപ്പെട്ടവരുടെ ഒരു പ്രത്യേക യോഗം വിളിച്ചുകൂട്ടാൻ തയ്യാറാണ്.

(10) ഭൂമി ഏറ്റെടുക്കുന്നതിലെ കാലതാമസം

ശ്രീ. കെ.കെ. ജയചന്ദ്രൻ: ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ നെടുങ്കണ്ടത്തുള്ള പച്ചടിയിൽ ആവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകി സ്പൈസസ് പാർക്ക് ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല താലൂക്കിലെ കാൽകൂത്തൽ വില്ലേജിൽ സ്പൈസസ് പാർക്കിനുവേണ്ടി കിൻഫ്രയ്ക്ക് അനുവദിച്ച 100 ഏക്കർ സ്ഥലം ലാൻഡ്

അക്വിസിഷൻ ആക്ട് പ്രകാരമുള്ള ചില നിയമപ്രശ്നങ്ങളും മറ്റുംമൂലം ഏറ്റെടുക്കാൻ കാലതാമസം വന്നിട്ടുണ്ട്. ഇതുസംബന്ധിച്ച് ജനപ്രതിനിധികളും കർഷക പ്രതിനിധികളുമായി ചർച്ച നടത്തി മേയ് മാസത്തിനകം ഭൂമി ഏറ്റെടുത്ത് നൽകാനുള്ള തീരുമാനം കൈക്കൊണ്ടിട്ടുണ്ട്.

(11) <u>പ്രത്യേക പോലീസ് സംഘത്തെ നിയോഗിക്കൽ</u>

<u>ശ്രീ. കെ.കെ. ദിവാകരൻ</u>: പാലക്കാട് 23-03-2010-ൽ കൊലപാതകവും കവർച്ചയും നടത്തിയത് തമിഴ്നാട്ടിലെ ചില ക്രിമിനലുകളാണെന്ന് മനസ്സിലാക്കിയതിന്റെ പശ്ചാത്തലത്തിൽ ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ചില മുൻകരുതലുകൾ ഉണ്ടാകണം. നിലവിലുള്ള നിയമമനുസരിച്ച് അന്യസംസ്ഥാനങ്ങളിൽനിന്നും ജോലിക്കെത്തുന്ന കുടിയേറ്റ തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് തിരിച്ചറിയൽ കാർഡ് കൊടുക്കുന്നതിനും ഏജന്റുമാർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തുന്നതിനും ചില സ്ഥിരം കുറ്റവാളികളെ നിരീക്ഷിക്കുന്നതിനും സംവിധാനമുണ്ടാക്കണം. കേരളത്തിലേയും തമിഴ്നാട്ടിലേയും പോലീസിനെ ഉപയോഗിച്ച് സംയുക്ത അന്വേഷണസംവിധാനം ഏർപ്പെടുത്തി കുറ്റവാളികളെകണ്ടെത്താൻ അടിയന്തിര നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി <u>(ശ്രീ. കോടിയേരി ബാലകൃഷ്ണൻ)</u>: ഓരോ കേസ്സിന്റേയും സ്വഭാവവും കേസ് ഉണ്ടാകുന്ന സാഹചര്യവും അനുസരിച്ച് അന്യസംസ്ഥാനങ്ങളിൽനിന്ന് കേരളത്തിൽ ജോലിക്കെത്തുന്നവരെക്കുറിച്ചുള്ള പരിശോധനകൾ പോലീസ് സാധാരണ നടത്തി വരാറുണ്ട്. പ്രധാന കുറ്റകൃത്യങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുമ്പോൾ ബന്ധപ്പെട്ട പോലീസ് സൂപ്രണ്ടുമാർ ആവശ്യമെങ്കിൽ അന്യസംസ്ഥാനങ്ങളിലെ സീനിയർ പോലീസ് ഉദ്യോഗസ്ഥരുമായി ബന്ധപ്പെട്ട് അന്വേഷണത്തി

നാവശ്യമായ വിവരങ്ങൾ ശേഖരിക്കാറുണ്ട്. തിരുവനന്തപുരത്ത് കഴിഞ്ഞ വർഷം ദക്ഷിണ സംസ്ഥാനങ്ങളിലെ ഡി.ജി.പി.മാരുടെ യോഗം വിളിച്ചുകൂട്ടി പരസ്പരം സഹകരിക്കേണ്ട മേഖലകളെ സംബന്ധിച്ച് വ്യക്തമായ സംവിധാനങ്ങൾ ഉണ്ടാക്കിയിട്ടുണ്ട്. പരസ്പരം വിവരങ്ങൾ കൈമാറുന്നതിന് എല്ലാ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലും ഓരോ സീനിയർ പോലീസ് സൂപ്രണ്ടുമാരെ ഒരു നോഡൽ ഓഫീസറായി നിർദ്ദേശിക്കപ്പെട്ടിട്ടുണ്ട്. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ക്രൈം ബ്രാഞ്ചുകൾ തമ്മിൽ ബന്ധപ്പെടുന്നതിന് ഒരു വെബ് സൈറ്റ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്. മൂന്നുമാസത്തിലൊരിക്കൽ അതിർത്തി ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാരും ഐ.ജി.പി.മാരും തൊട്ടടുത്ത അയൽ സംസ്ഥാനങ്ങളിലെ സീനിയർ പോലീസ് ഉദ്യോഗസ്ഥരുമായി ബോർഡർ കോൺഫറൻസ് നടത്തുന്ന ഒരു സംവിധാനം ഉണ്ടാക്കിയിട്ടുണ്ട്. കുറ്റവാളികളേയും കുറ്റകൃത്യങ്ങളേയും സംബന്ധിച്ച വിവരങ്ങൾ അടങ്ങുന്ന ക്രിമിനൽ ഇന്റലിജൻസ് ഗസറ്റ് മാസംതോറും പ്രസിദ്ധീകരിച്ച് സംസ്ഥാനങ്ങൾ പരസ്പരം കൈമാറുന്നുണ്ട്. എൻ.സി.ആർ.ബി. ആവിഷ്കരിച്ച കംപ്യൂട്ടർ അധിഷ്ഠിത ക്രൈം ക്രിമിനൽ ട്രാക്കിംഗ് നെറ്റ്‌വർക്ക് സിസ്റ്റം പൂർണ്ണമായും പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞാൽ ഇൻഡ്യയിലെ എല്ലാ പോലീസ് സ്റ്റേഷനുകൾക്കും പരസ്പരം കുറ്റകൃത്യങ്ങളേയും കുറ്റവാളികളേയും കുറിച്ചുള്ള വിവരങ്ങൾ നിമിഷനേരംകൊണ്ട് കൈമാറാൻ കഴിയുന്ന സാഹചര്യം ഉണ്ടാകും. കേരളത്തിൽ ജോലി ചെയ്തു വരുന്ന അന്യ സംസ്ഥാനക്കാരായ തൊഴിലാളികളുടെ വിവരം ശേഖരിക്കുന്നതിനുള്ള സംവിധാനം ഉണ്ടാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. തൊഴിലാളികളെ ജോലിക്ക് എത്തിക്കുന്ന കരാറുകാരുടെ കൈവശം അവരെ കുറിച്ചുള്ള വിവരങ്ങൾ ഉണ്ടായിരിക്കണമെന്ന് പോലീസ് സ്റ്റേഷനുകളിൽനിന്നും നിർദ്ദേശം നൽകുവാൻ

ആവശ്യപ്പെട്ടിട്ടുണ്ട്. ഇത്തരം വിവരങ്ങൾ ഹാജരാക്കിക്കൊള്ളണമെന്ന് നിർദ്ദേശിക്കാനുള്ള നിയമപരമായ പ്രശ്നംകൂടി പരിശോധിച്ച് ലേബർ വകുപ്പുമായി സഹകരിച്ചുകൊണ്ട് ഈ കാര്യത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കും എന്ന് ആലോചിക്കുകയാണ്. അന്യ സംസ്ഥാനങ്ങളിലെ തൊഴിലാളികൾക്ക് സംരക്ഷണവും ജോലി ചെയ്യാനുള്ള സൗകര്യവും കൊടുക്കുന്നുണ്ട്. അതിന്റെ മറവിൽ മോഷണക്കാരോ കുറ്റവാളികളോ കടന്നുകൂടുമെങ്കിൽ അവരെ നിരീക്ഷിക്കാനുള്ള പ്രത്യേക സംവിധാനം ഡിപ്പാർട്ട്മെന്റിൽ ഉണ്ടാക്കും. പാലക്കാട്ടെ കൊലപാതകം സംബന്ധിച്ച അന്വേഷണം ഊർജ്ജിതമായി നടന്നുവരുന്നുണ്ട്. രണ്ടുമൂന്നു ദിവസംകൊണ്ട് ഇതു സംബന്ധിച്ചുള്ള പൂർണ്ണമായ വിവരം ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(12) <u>നിലം നികത്തുന്നതിന് അനുമതി</u>

<u>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി</u>: വീടില്ലാത്തവർക്ക് വീട് നിർമ്മിക്കുന്നതിനുവേണ്ടി അഞ്ചോ പത്തോ സെന്റ് നിലം നികത്തുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതിന് ഗവണ്മെന്റ് നിർദ്ദേശിച്ച കമ്മിറ്റി പല പഞ്ചായത്തുകളിലും രൂപീകരിക്കപ്പെട്ടിട്ടില്ലാത്ത സാഹചര്യത്തിൽ അത് സംബന്ധിച്ച് നിലനിൽക്കുന്ന തർക്കങ്ങൾ ഒഴിവാക്കി വീട് നിർമ്മിക്കുന്നതിന് അനുഭവപ്പെടുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

റവന്യൂ വകുപ്പുമന്ത്രി (<u>ശ്രീ. കെ. പി. രാജേന്ദ്രൻ):</u> വീടു വയ്ക്കാൻ സ്ഥലം ഇല്ലാത്തർക്ക് നിലം നികത്തി വീടു വയ്ക്കുന്നതിന് അനുമതി കൊടുക്കുന്നതിനുള്ള വ്യവസ്ഥ നിലവിലുള്ള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗ്രാമ പഞ്ചായത്തുകളിൽ 10 സെന്റ് വരെയും മുനിസിപ്പൽ കോർപ്പറേഷനിൽ 5 സെന്റ് വരെയും ബന്ധപ്പെട്ട

സമിതികൾ പരിശോധിച്ച് അനുമതി കൊടുക്കാവുന്നതാണ്. ഇതിന് കാല താമസം വരുന്നുവെന്ന് മനസ്സിലായതിന്റെ അടിസ്ഥാനത്തിൽ തദ്ദേശസ്വയം ഭരണം, കൃഷി, റവന്യൂ എന്നീ വകുപ്പുകൾ കൂടിയാലോചിച്ച് ചില തീരുമാ നങ്ങളെടുത്തിട്ടുണ്ട്.

(13) <u>പാഠ്യ പദ്ധതിയിൽ ഇല്ലാത്ത വിഷയം ചോദ്യ പേപ്പറിൽ ഉൾപ്പെടുത്തിയ സംഭവം</u>

<u>ശ്രീ. കെ.സി. ജോസഫ്</u>: കോഴിക്കോട് യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള രണ്ടാം സെമസ്റ്റർ എൽ.എൽ.ബി. പരീക്ഷയുടെ ചോദ്യ പേപ്പറിൽ പാഠ്യ പദ്ധതിയിൽ ഇല്ലാത്ത Reason for the decline of the Congress Party in India ഷോർട്ട് എസ്സേയുടെ വിഷയമായി ഉൾപ്പെടുത്തിയത് ദൗർഭാഗ്യ കരവും ആവർത്തിക്കാൻ പാടില്ലാത്തതുമായതിനാൽ ചോദ്യം തയ്യാറാക്കിയ വർക്കെതിരെ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (<u>ശ്രീ. എം.എ. ബേബി</u>): സെക്കന്റ് സെമസ്റ്റർ എൽ.എൽ.ബി. കോഴ്സ് പരീക്ഷയുടെ രണ്ടാം ഭാഗത്തെ എട്ട് ചോദ്യങ്ങളിൽ നാല് ചോദ്യങ്ങൾ തെരഞ്ഞെടുത്ത് ഉത്തരം എഴുതേണ്ടതിൽ ഒന്നായിട്ടാണ് Reasons for the decline of Congress Party In India എന്ന് കൊടുത്തിരുന്നത്. എൽ.എൽ.ബി.ക്ക് പഠിക്കുന്ന കുട്ടികളുടെ പൊതുവായിട്ടുള്ള പഠനത്തിന്റെ ഭാഗമായി ഇതു പോലുള്ള ചോദ്യങ്ങൾക്ക് പ്രസക്തിയുണ്ട്. വസ്തുതകൾ പരിശോധിച്ചപ്പോൾ പാഠഭാഗവുമായി ബന്ധപ്പെടുത്തിയും പൊതുവായ പഠനത്തിന്റെ ഭാഗമായും ഇത്തരം ചോദ്യങ്ങൾ ഉന്നയിക്കപ്പെടാം എന്നാണ് മനസ്സിലായത്. വിവാദപര

മായ വിധത്തിലുള്ള വിഷയം ചോദ്യപേപ്പറിൽ ഉൾപ്പെട്ടതിനെക്കുറിച്ച് പരിശോധിക്കുന്നതാണ്.

(ഗവൺമെന്റിന്റെ നിലപാടിൽ പ്രതിക്ഷേധിച്ച് പ്രതിപക്ഷ നേതാവ് പ്രസ്താവന നടത്തിയതുനെത്തുടർന്ന് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം സഭവിട്ട് പുറത്തുപോവുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

(14) ക്രിക്കറ്റ് അസോസിയേഷന്റെ പ്രവർത്തനങ്ങൾ

ശ്രീ. ബാബു എം. പാലിശ്ശേരി: ഇൻഡ്യൻ ക്രിക്കറ്റ് കൺട്രോൾ ബോർഡ് അംഗീകരിച്ച ഒരു അസോസിയേഷൻ കേരളത്തിലുണ്ടെങ്കിലും ജനാധിപത്യപരമായി പ്രവർത്തിക്കുന്ന സംഘടന പാലിക്കേണ്ട ഒരു മര്യാദയും കെ.സി.എ.-യ്ക്ക് ഇല്ല. ഇത്തരത്തിൽ ക്രിക്കറ്റിനെ സ്നേഹിക്കാത്ത, സഹായിക്കാത്ത അസോസിയേഷനെതിരെ വിജിലൻസ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ അന്വേഷണം നടത്താൻ നടപടി സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ): കേരള സ്പോർട്ട്സ് കൗൺസിലിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള കേരള ക്രിക്കറ്റ് അസോസിയേഷനെ സംബന്ധിച്ച് നിലവിലുള്ള ആക്ഷേപങ്ങളും പരാതികളും സ്പോർട്ട്സ് കൗൺസിൽ ഗൗരവമായി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(15) പത്രം ഓഫീസ് ആക്രമിച്ച സംഭവം

ശ്രീ. സി.ടി. അഹമ്മദ് അലി: കാസർഗോഡ് വിദ്യാനഗറിൽ പ്രവർത്തിക്കുന്ന കാരവൽ സായാഹ്ന പത്രം ഓഫീസ് ആക്രമിക്കുകയും തീയിട്ട്

നശിപ്പിക്കുകയും ചെയ്തവരെ കണ്ടുപിടിക്കുന്നതിനും പ്രസ്തുത സ്ഥാപനത്തിന് സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കാസർഗോഡ് പോലീസ് സ്റ്റേഷൻ പരിധിയിൽ വിദ്യാനഗറിൽ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ പ്രവർത്തിച്ചുവരുന്ന കാരവൽ പത്രം ഓഫീസ് ആരോ തീയിട്ട് ഫയലുകൾ, ഫോട്ടോകൾ, കമ്പ്യൂട്ടറുകൾ, ഫാക്സ് മെഷീൻ തുടങ്ങിയവ കത്തിനശിച്ച് ഒന്നര ലക്ഷം രൂപയുടെ നഷ്ടമുണ്ടായ സംഭവത്തിൽ പത്രം എഡിറ്ററും പബ്ലിഷറുമായ എസ്. രാജുവിന്റെ മൊഴിപ്രകാരം കാസർഗോഡ് പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വഷണം നടത്തിവരികയാണ്. വിരലടയാള വിദഗ്ദ്ധർ സ്ഥലത്തുപോയി പരിശോധന നടത്തുകയും പരിസരത്തുള്ള നിരവധിപേരെ ചോദ്യം ചെയ്യുകയും ഡോഗ് സ്ക്വാഡിന്റെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കേസ്സന്വേഷണം ഊർജ്ജിതമായി നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കാൻ കാസർഗോഡ് ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(16) ദമ്പതികൾ ആക്രമിക്കപ്പെട്ട സംഭവം

ശ്രീ. മോൻസ് ജോസഫ്: ഏറ്റുമാനൂർ ക്ഷേത്രോൽസവത്തിൽ പങ്കെടുത്ത് മടങ്ങിപ്പോകുന്നതിനിടയിൽ കടുത്തുരുത്തി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കോതനല്ലൂരിൽ ദമ്പതികൾ ആക്രമിക്കപ്പെട്ട സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് ഗവൺമെന്റ് മാതൃകാപരമായ നിലപാട് സ്വീകരിക്കുകയുണ്ടായി. എന്നാൽ ഈ നടപടികൾ മുന്നോട്ടുപോകുന്നതിനിടയിൽ കേസ് അട്ടിമറിക്കാൻ പോലീസിലെ ഉന്നതോദ്യോഗസ്ഥർ ശ്രമിച്ചതായി മാദ്ധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഇക്കാര്യം ഗവൺമെന്റ് പരിശോധിക്കണം. കേസ്സിലെ മുഖ്യപ്രതിയെ സംരക്ഷി

ക്കാൻ തയ്യാറായവരെക്കുറിച്ച് എസ്.പി. റാങ്കിനുമുകളിലുള്ള ഉന്നത പോലീസ് ടീമിനെ നിയോഗിച്ച് അന്വേഷണം നടത്തുകയും ഈ കേസുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന ദുരൂഹതകൾ അവസാനിപ്പിക്കുകയും ചെയ്യണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കടുത്തുരുത്തി പോലീസ് സ്റ്റേഷൻ അതിർത്തിയിലെ കോതനല്ലൂരിൽ ചാമക്കാല സ്വദേശി ഗോപാലനും ഭാര്യയും വീട്ടിലേയ്ക്ക് പോകുമ്പോൾ ഗോപാലനെ അടിച്ചുവീഴ്ത്തുകയും ഭാര്യയെ മാനഭംഗപ്പെടുത്തുകയും രണ്ടേകാൽ പവന്റെ സ്വർണ്ണമാല കവർന്നെടുക്കുകയും ചെയ്ത സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിന് അന്നുതന്നെ എറണാകുളം റേഞ്ച് ഐ.ജി.യോട് നിർദ്ദേശിക്കുകയുണ്ടായി. അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള വീഴ്ച റിപ്പോർട്ട് ചെയ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ അന്നേദിവസം ഡ്യൂട്ടിയിൽ ഉണ്ടായിരുന്ന രണ്ട് എസ്.ഐ.മാരേയും കടുത്തുരുത്തി സി.ഐ.-യേയും അന്വേഷണവിധേയമായി സസ്പെന്റ് ചെയ്യുകയും കോട്ടയം അഡ്മിനിസ്ട്രേഷൻ ഡി.വൈ.എസ്.പി.യെ കേസിന്റെ അന്വേഷണ ചുമതല ഏൽപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇത്രയും പ്രധാനപ്പെട്ട ഒരു വിഷയം റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടും പോലീസ് സ്വീകരിക്കേണ്ട നടപടികൾ സ്വീകരിക്കാതെ മന:പൂർവ്വം വീഴ്ച വരുത്തിയെന്ന് ബോധ്യപ്പെട്ടാൽ സസ്പെൻഷനിലുള്ളവരെ സർവ്വീസിൽ നിന്ന് പിരിച്ചുവിടുന്നത് ഉൾപ്പെടെയുള്ള ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(17) കണ്ടൽക്കാടുകൾ നശിപ്പിക്കൽ

ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി: കണ്ണൂരിൽ പാപ്പിനിശ്ശേരി പഞ്ചായത്തിൽ വളപട്ടണം പുഴയുടെ തീരത്ത് പരിസ്ഥിതി നിയമങ്ങളും സി.ആർ. ഇസഡ്.-ന്റെ നിയമങ്ങളും ലംഘിച്ചുകൊണ്ട് ഇക്കോ ടൂറിസത്തിന്റെ മറവിൽ

വ്യാപകമായ തോതിൽ കണ്ടൽക്കാടുകൾ നശിപ്പിക്കപ്പെടുന്നതിനെതിരെ ശക്തമായ നടപടിയുണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): കേന്ദ്ര സർക്കാരിന്റെ 349.36 ലക്ഷം രൂപയുടെ സാമ്പത്തിക സഹായത്തോടെ സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഇക്കോ ടൂറിസം പദ്ധതിക്ക് 22-11-2008-ലെ സർക്കാർ ഉത്തരവ് പ്രകാരമാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. കണ്ടൽച്ചെടികളുടെ ജൈവവൈവിദ്ധ്യത്തിനും സംരക്ഷ ണത്തിനും ഊന്നൽ നൽകിക്കൊണ്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന സഞ്ചാര പഥം ഇക്കോ ടൂറിസം പദ്ധതിപ്രകാരം പാപ്പിനിശ്ശേരി പഞ്ചായത്തിലെ കണ്ടൽ അധിഷ്ഠിത ഇക്കോ ടൂറിസം പദ്ധതിക്കായി 53.69 ലക്ഷം രൂപയാണ് വകയിരു ത്തിയിട്ടുള്ളത്. പദ്ധതിയുടെ നടത്തിപ്പിനുള്ള അവകാശം പ്രസ്തുത പ്രദേ ശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കും ജല വിഭവ വകുപ്പിനുമാണ്. ഇതിന്റെ എസ്റ്റിമേറ്റും മറ്റും ഇൻലാന്റ് നാവിഗേഷൻ വകുപ്പ് തയ്യാറാക്കിവരി കയാണ്. നാളിതുവരെ വളപട്ടണം പുഴയുടെ തീരത്തുള്ള കണ്ടൽക്കാടുക ളൊന്നും നശിപ്പിച്ചിട്ടില്ലെന്നാണ് പഞ്ചായത്ത് സെക്രട്ടറിയിൽ നിന്നും സർക്കാരിന് ലഭിച്ചിട്ടുള്ള വിവരം. കണ്ടൽക്കാടുകൾ സംരക്ഷിക്കുക എന്നു ള്ളതാണ് സർക്കാരിന്റെ നയം.

(18) എ.എസ്.വി.യു.പി. സ്കൂൾ

ശ്രീ. എ.കെ. ശശീന്ദ്രൻ: ബാലുശ്ശേരി നിയോജകമണ്ഡലത്തിലെ എടക്കര എ.എസ്.വി.യു.പി. സ്കൂൾ മെയിന്റനൻസ് നടത്താതെ ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭിക്കുകയില്ല എന്ന അവസ്ഥയിലെത്തിച്ച് അടച്ചു പൂട്ടുക എന്നതാണ് മാനേജ്മെന്റിന്റെ ലക്ഷ്യം. പട്ടികജാതി, കർഷകത്തൊഴിലാളി കുടുംബങ്ങളിലെ കുട്ടികൾ പഠിക്കുന്ന ഈ സ്കൂൾ അടിയന്തിരമായി

ടെമ്പററി ടേക്ക് ഓവർ നടത്തി പൊതുജനങ്ങളുടെ സഹകരണത്തോടുകൂടി കെട്ടിടം നിർമ്മിച്ച് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് ലഭ്യമാക്കി പ്രവർത്തിപ്പി ക്കാനാവശ്യമായ അടിയന്തിര നടപടികൾ ഉണ്ടാകണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): എടക്കര എ.എസ്.വി.യു.പി. സ്കൂൾ സർക്കാർ ഏറ്റെടുക്കുന്നതിന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെക്കൊണ്ട് അറ്റകുറ്റപ്പണികൾ ചെയ്യിച്ച് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നേടുന്നതിനു വേണ്ട നടപടികൾ സ്വീകരിക്കണമെന്ന പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ ശുപാർശപ്രകാരം അടിയന്തിരപ്രാധാന്യം നൽകി ഏറ്റെടുക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(19) തടി സൗജന്യമായി നൽകേണ്ടതിന്റെ ആവശ്യകത

ശ്രീ. റ്റി.യു. കുരുവിള: വനപ്രദേശങ്ങളിൽ താമസിക്കുന്ന ആദിവാസി കൾക്ക് ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതിപ്രകാരം അനുവദിച്ചിട്ടുള്ള വീടുകൾ വയ്ക്കുന്നതിന് ആവശ്യമായ തടി പഞ്ചായത്ത് വഴിയോ നിർമ്മിതി കേന്ദ്രം വഴിയോ ലഭ്യമാക്കാൻ നടപടിയുണ്ടാകണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): വനപ്രദേശങ്ങളിലെ ആദിവാസികൾക്ക് വീട് വയ്ക്കാൻ പ്ലാവ്, ആഞ്ഞിലി, മരുത്, ഇരുൾ തുടങ്ങിയ മരങ്ങൾ സൗജന്യമായി നൽകുന്നതിനാണ് ഉദ്ദേശി ക്കുന്നത്. ഇത് പഞ്ചായത്ത് സെക്രട്ടറിമാർ മുഖേന വിതരണം ചെയ്യുന്നതിന് ആവശ്യമായ ഗൈഡ്ലൈൻ ഉണ്ടാക്കാൻ വനംവകുപ്പും പഞ്ചായത്ത് അധികൃതരും തമ്മിലുള്ള ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. എത്രയും വേഗം തടി കൊടുക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(20) വന്യമൃഗങ്ങളുടെ ശല്യംമൂലം കർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ

ശ്രീ. റോഷി അഗസ്റ്റിൻ: മലയോര മേഖലകളിൽ വന്യമൃഗങ്ങളുടെ ശല്യംമൂലം കർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് പരിഹാരമുണ്ടാക്കുന്നതിനും കൃഷിനാശമുണ്ടാകുന്ന കർഷകർക്ക് അടിയന്തിര ധനസഹായം നൽകുന്നതിനും നടപടിയുണ്ടാകണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): എൻ.ആർ.ഇ.ജി. ഫണ്ട് ഉപയോഗിച്ചുകൊണ്ട് കിടങ്ങ് കുഴിക്കാനും സൗരോർജ്ജ വേലികൾ ഉണ്ടാക്കാനുമുള്ള ശ്രമങ്ങളിലേക്ക് ഗവൺമെന്റ് നീങ്ങിക്കൊണ്ടിരിക്കുകയാണ്. ഇതിനുപുറമേ പരീക്ഷണാടിസ്ഥാനത്തിൽ ചിലയിടങ്ങളിൽ മുള്ളുള്ള സസ്യങ്ങൾ വയ്ക്കുകയും കടുവയുടെ മുരളലും അലർച്ചയുമെല്ലാം ടേപ്പ് ചെയ്ത് കേൾപ്പിക്കുകയും ചെയ്യുന്നുണ്ട്. അത് ഫലപ്രദമാണെന്നുകണ്ടാൽ കൂടുതൽ സ്ഥലത്തേയ്ക്ക് വ്യാപിപ്പിക്കുന്നതാണ്. വന്യമൃഗശല്യം നിമിത്തം കർഷകർക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള സഹായം വർദ്ധിപ്പിച്ചിട്ടുണ്ട്. വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മരണം സംഭവിക്കുന്നവരുടെ ആശ്രിതർക്കുള്ള നഷ്ടപരിഹാരം 50,000 രൂപയിൽ നിന്ന് ഒരു ലക്ഷം രൂപയായും കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം 10,000 രൂപയിൽ നിന്ന് 20,000 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്.

(21) ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്കൂളുകൾ

ശ്രീ. മഞ്ഞളാംകുഴി അലി: മലബാർ മേഖലയിലെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സ്കൂളുകൾക്ക് അംഗീകാരം നൽകുന്നതിനും ഈ അദ്ധ്യയനവർഷം തന്നെ പ്ലസ് ടു കോഴ്സുകൾ ഇല്ലാത്ത സ്കൂളുകളിൽ പ്ലസ് ടു കോഴ്സുകൾ അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പൊതുവിദ്യാഭ്യാസ വകുപ്പിന്റെ 27-2-2009-ലെ ഉത്തരവു പ്രകാരം കാസർഗോഡ്, കണ്ണൂർ, വയനാട്, കോഴിക്കോട്, മലപ്പുറം ജില്ലകളിലെ മുസ്ലീം സമുദായത്തിന്റെ വിദ്യാഭ്യാസപരവും സാമൂഹികവുമായിട്ടുള്ള പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന്റെ ഭാഗമായി കെ.ഇ.ആർ. പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിച്ച് പുതിയ അൺ എയ്ഡഡ് സ്കൂളുകൾ അനുവദിക്കുന്നതിന് പൊതുവിദ്യാഭ്യാസ ഡയറക്ടർ നടപടി സ്വീകരിച്ചുവരികയാണ്.

(22) പെൻഷനും ക്ഷേമനിധിയും ഏർപ്പെടുത്താൻ നടപടി

ശ്രീ. പി. വിശ്വൻ: കലാകാരന്മാർക്ക് ക്ഷേമനിധി രൂപീകരിക്കാനും 50 വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നൽകാനും ആവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): കേരളത്തിലെ സമസ്ത കലാകാരന്മാരേയും ഉൾപ്പെടുത്തി ഒരു സമഗ്ര ക്ഷേമനിധി രൂപീകരിക്കുന്നതിനുള്ള കരട് ബിൽ നിയമ വകുപ്പിന്റെ പരിഗണനയിലാണ്. എല്ലാ കലാകാരന്മാർക്കും പെൻഷൻ അടക്കമുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

(23) തൃശൂർ മെഡിക്കൽ കോളേജ് ഹോസ്പിറ്റലിലെ കുടിവെള്ളക്ഷാമം

ശ്രീ. എ.സി. മൊയ്തീൻ: കൊടും വരൾച്ചയെത്തുടർന്നുണ്ടായ ജലക്ഷാമം തൃശൂർ മെഡിക്കൽ കോളേജിന്റെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചിരിക്കുന്നതുകൊണ്ട് ബഹുമാനപ്പെട്ട ജലവിഭവ വകുപ്പുമന്ത്രിയുമായി ബന്ധപ്പെട്ട് ഒരു അഡീഷണൽ സോഴ്സ് കണ്ടെത്തി ഈ പ്രശ്നത്തിന് ശാശ്വതപരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): കൊടും വരൾച്ചയെത്തുടർന്ന് തൃശൂർ മെഡിക്കൽകോളേ ജാശുപത്രിയിൽ ഉണ്ടായിട്ടുള്ള കുടിവെള്ളക്ഷാമം താൽക്കാലികമായി പരിഹ രിച്ചിട്ടുണ്ട്. ഈ ആശുപത്രിയുടെ പ്രവർത്തനത്തിന് പീച്ചി ഡാമിൽ നിന്നും 14 ലക്ഷം ലിറ്റർ വെള്ളവും വാട്ടർ അതോറിറ്റി നൽകുന്ന 6-ലക്ഷം ലിറ്റർ വെള്ളവും കാമ്പസിലെ ഒരു കുളത്തിൽ നിന്നും അഞ്ച് കുഴൽക്കിണറുകളിൽ നിന്നും ലഭ്യമാകുന്ന വെള്ളവും ഇപ്പോഴുണ്ടെങ്കിലും വളരെയേറെ ജലക്ഷാമം അനുഭവപ്പെടുകയാണ്. ആവശ്യമായ വെള്ളം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(24) സംസ്ഥാന തുടർ വിദ്യാഭ്യാസ കലോത്സവം

ശ്രീ. യു.സി. രാമൻ : കൊല്ലത്തുവച്ച് നടന്ന തുടർ വിദ്യാഭ്യാസ കലോൽസവത്തിൽ തുല്യത പഠിതാക്കൾ പങ്കെടുക്കേണ്ട തിരുവാതിരക്കളി യിൽ റെഗുലർ കോളേജിലെ കുട്ടികൾ പങ്കെടുത്തതിനെത്തുടർന്ന് കോഴിക്കോട് ജില്ലയ്ക്ക് ട്രോഫി നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത്. ഇതു സംബന്ധിച്ച പരാതി പരിശോധിച്ച് അർഹതപ്പെട്ടവർക്ക് ട്രോഫി നൽകാ നുള്ള നടപടി ഉണ്ടാക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : കഴിഞ്ഞ രണ്ട് വർഷങ്ങളിലായിട്ടാണ് അനൗപചാരിക വിദ്യാഭ്യാസ പരിപാടിയിൽ സാക്ഷരതാ പരിപാടിയിൽ പങ്കെടുക്കുന്നവർക്കുകൂടി കലോൽസവങ്ങൾ ഏർപ്പെടുത്തിയത്. സ്ക്കൂൾ കലോൽസവങ്ങളിലൊക്കെ നടക്കുന്നതുപോലുള്ള അപ്പീലുകളും പരാതികളും ഉണ്ടാകുന്നത് തികച്ചും അനഭിലഷണീയമായ ഒരു പ്രവണതയാണ്. തിരുവാതിരക്കളി മത്സരത്തിൽ

പങ്കെടുത്ത് വിജയിച്ചവർ തുല്യതാ പഠിതാക്കളല്ല എന്ന് പത്രക്കാരോട് പറഞ്ഞുവെന്ന് ആരോപിച്ച് ഈ ഇനത്തിൽ പരാജയപ്പെട്ടവർ മാനുവൽ പ്രകാരമുള്ള അപ്പീൽ നൽകുകയുണ്ടായി. സാക്ഷരതാ മിഷന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ കൂടി ഉൾപ്പെടുന്ന അപ്പീൽ കമ്മിറ്റി പ്രസ്തുത പരാതി പരിശോധിച്ച് മത്സരത്തിൽ വിജയിച്ചവരെ നേരിൽ കണ്ട് അവർ പത്താം തരം പഠിതാക്കളാണെന്ന് ഉറപ്പുവരുത്തി അപ്പീൽ നിരസിച്ചുവെന്നാണ് ഇപ്പോൾ ലഭിച്ചിട്ടുള്ള റിപ്പോർട്ട്

(25) കൊങ്ങണിഭാഷ പഠനം

ശ്രീ. എ.എം. യൂസഫ് : കുടുംബി സമുദായം ഉൾപ്പെടെ കേരളത്തിലെ കൊങ്ങണി ഭാഷക്കാരുടെ കുട്ടികളിൽ 80 ശതമാനവും പഠിക്കുന്ന വാരാപ്പുഴ സ്ക്കൂൾ ഹൈസ്ക്കൂൾ ആക്കുകയും ആവശ്യത്തിന് അധ്യാപകരെ നിയമിക്കുകയും കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുകയും കൊങ്ങണി ഭാഷയ്ക്ക് ആവശ്യമായ അംഗീകാരവും പരിഗണനയും നൽകുകയും ചെയ്യണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി) : കൊങ്ങണി മാതൃഭാഷയായ കുട്ടികൾക്ക് ഈ ഭാഷ പഠിക്കാനുള്ള സാഹചര്യം സംസ്ഥാനത്ത് ഇന്ന് നിലവിലില്ല. ആദ്യഘട്ടം എന്നുള്ള നിലയിൽ അഞ്ചാം ക്ളാസ്സുമുതൽ കൊങ്ങണി ഭാഷ പഠന സൗകര്യം ഒരുക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൊങ്ങണി ഭാഷ പഠിപ്പിക്കുന്നതിന് യോഗ്യരായ അദ്ധ്യാപകരുടെ അഭാവമുണ്ട്. ഈ ഭാഷ കെ.ഇ.ആർ-ൽ ഉൾപ്പെടുത്തുന്ന മുറയ്ക്ക് അധ്യാപകരെ നിയമിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുന്നതാണ്.

(26)തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബുദ്ധിമുട്ടുകൾ

ശ്രീ. തോമസ് ചാണ്ടി : തനത് ഫണ്ട് കുറവുള്ള കുട്ടനാട് പോലുള്ള പഞ്ചായത്തുകൾക്ക് ആവശ്യമായ സാമ്പത്തിക സഹായം നൽകാൻ നടപടി ഉണ്ടാകണം.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി): കുട്ടനാട് ഗ്രാമപഞ്ചായത്തിന് ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും 2009-10 സാമ്പത്തികവർഷം പന്ത്രണ്ട് ലക്ഷത്തി അമ്പതിനായിരം രൂപ അനുവദിച്ചിട്ടുണ്ട്. കേരള വാട്ടർ അതോറിറ്റിക്ക് പഞ്ചായത്ത് നൽകാനുള്ള വെള്ളക്കരം കുടിശ്ശികയുടെ അമ്പത് ശതമാനം മെയിന്റനൻസ് ഗ്രാന്റിൽ നിന്നും അമ്പത് ശതമാനം ജനറൽ പർപ്പസ് ഗ്രാന്റിൽ നിന്നും നൽകുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വെള്ളക്കര കുടിശ്ശിക ജനറൽ പർപ്പസ് ഫണ്ടിൽ നിന്നും നൽകേണ്ടി വന്നതുകൊണ്ടുണ്ടായ ബുദ്ധിമുട്ട് ലഘൂകരിക്കുന്നതിന് വാട്ടർ അതോറിറ്റിയുമായി ചർച്ച നടത്തി ഉചിതമായ തീരുമാനം എടുക്കുന്നതാണ്. കൂടാതെ തനത് ഫണ്ട് കുറവുള്ള തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിത്യ ചെലവുകൾക്കുള്ള പണം ലഭിക്കുന്നതിന് ജനറൽ പർപ്പസ് ഗ്രാന്റും ഫണ്ടും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്ന കാര്യം നാലാം ധനകാര്യ കമ്മീഷന്റെ പരിഗണനയിലാണ്.

**നിയമനിർമ്മാണകാര്യം**

## സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

1. 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബിൽ

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010

-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവന ങ്ങളും (നിർവ്വഹണം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവത രിപ്പിക്കുന്നു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : പ്രമേയത്തെ പിന്താ ങ്ങുന്നു.

ശ്രീ. ജി. കാർത്തികേയൻ : വിയോജിപ്പ് രേഖപ്പെടുത്തുന്നു. തടവുകാരു മായി ബന്ധപ്പെട്ട് ഒരു നിയമം പാസ്സാക്കുമ്പോൾ ചർച്ചയിൽ ഉരുത്തിരിഞ്ഞ പ്രധാനപ്പെട്ട കാര്യങ്ങൾ വിട്ടുപോകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. അവഗണിക്കപ്പെട്ടുകിടന്ന ഒരു വിഭാഗത്തിനുവേണ്ടി ഇത്തരം ഒരു ബിൽ കൊണ്ടുവന്ന മന്ത്രിയെ അഭിനന്ദിക്കുന്നു. ഏത് തരത്തിലുള്ള കുറ്റവാളിയാ യാലും അവരോട് മനുഷ്യത്വപരമായ സമീപനവും സ്വീകരിക്കണം. തടവുകാ രുടെ തരംതിരിക്കലും വേർതിരിക്കലും ശ്രദ്ധാപൂർവം കൈകാര്യം ചെയ്യണം. ജയിലുകളിൽ റിമാൻഡ് തടവുകാരെ പ്രത്യേകം പാർപ്പിക്കുന്നതിന് നടപടി ഉണ്ടാകണം. ജയിലുകളിലെ ഓവർക്രൗഡിംഗ് അവസാനിപ്പിക്കുകയും തടവുകാർക്ക് അടിസ്ഥാനസൗകര്യം ഉൾപ്പെടെയുള്ള കാര്യങ്ങൾ യഥാ സമയം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും വേണം. തടവുകാ രുടെ എണ്ണം കൂടുന്നതിനനുസരിച്ച് ജയിലർമാരുടെ എണ്ണത്തിലും വർദ്ധനവ് വരുത്തണം. തടവുകാർക്ക് ചികിത്സാ സൗകര്യം ഏർപ്പെടുത്തുകയും സാമാന്യം ഭേദപ്പെട്ട ആഹാരം നൽകുകയും വേണം. കുറ്റവാളികളുടെ ക്രൂര തയ്ക്ക് ഇരയായി അംഗഭംഗം സംഭവിച്ചവർക്കും മരണപ്പെട്ടവരുടെ ആശ്രിതർക്കും തടവുശിക്ഷ അനുഭവിക്കുന്ന കുറ്റവാളികളുടെ ജയിലിലെ കൂലിയിൽനിന്നും ഒരു നിശ്ചിത തുക നീക്കിവച്ച് നൽകാൻ നടപടി സ്വീകരി

ക്കണം. ജയിലിൽ കഴിയുന്നവരുടെ കുട്ടികൾക്ക് വിദ്യാഭ്യാസ സൗകര്യവും അവരുടെ കുടുംബങ്ങൾക്ക് നിത്യവൃത്തിക്കുള്ള സഹായവും നൽകുന്ന ബാധ്യത ഏറ്റെടുക്കണം. ഉദയഭാനു കമ്മിഷൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണി ക്കുന്നതുപോലെ വിക്ടിംസ് കോമ്പൻസേഷൻ ഫണ്ട് രൂപീകരിക്കണം. പരോൾ അനുവദിക്കുന്നത് നീതിയുക്തമായിരിക്കണം. തടവുകാർക്ക് പരോൾ അനുവദിക്കുന്നതിലെ രാഷ്ട്രീയ ഇടപെടലുകൾ അവസാനിപ്പിക്കണം. ജയിലിനുള്ളിൽ രാഷ്ട്രീയ പ്രവർത്തനം അനുവദിക്കാൻ പാടില്ല. നിരോധിത വസ്തുക്കൾ യഥേഷ്ടം തടവുകാർക്ക് ലഭ്യമാകുന്നത് തടയാൻ നടപടി സ്വീകരിക്കണം. ജയിൽ അഡ്മിനിസ്ട്രേഷൻ കാര്യക്ഷമമായി നടപ്പിലാക്ക ണം. തടവുകാരിൽത്തന്നെ യൂണിയനുകളും മറ്റും ഉടലെടുക്കുന്ന പ്രവണത അവസാനിപ്പിക്കണം. ജയിൽ വകുപ്പും പോലീസ് വകുപ്പും സഹകരണ ത്തോടെ സർക്കാരിന്റെ ഇച്ഛാശക്തിക്കനുസരിച്ച് പ്രവർത്തിക്കണം.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗിക സേവനങ്ങളും (നിർവ്വഹണം) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്ത് ജയിലുകളുടെ നടത്തിപ്പിനെ സംബന്ധിച്ച് നിലനിൽക്കുന്ന പഴയ നിയമങ്ങൾ മാറ്റേണ്ടത് അത്യാവശ്യമാണ്. ആ നിയമങ്ങൾ പരിഷ്ക്കരി ക്കാൻ വേണ്ടി കൊണ്ടുവന്ന ഈ ബിൽ അപൂർണ്ണമാണ്. ജയിലിൽ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നത് നല്ലതാണ്. എന്നാൽ ഈ ബില്ലിൽ ജയിലിൽ വേണ്ടത്ര സുരക്ഷിതത്വമില്ലെങ്കിൽ തടവുകാരെ മറ്റൊരു സ്ഥല ത്തേയ്ക്ക് മാറ്റി പാർപ്പിക്കുന്ന വ്യവസ്ഥ ജയിൽ ഉദ്യോഗസ്ഥർക്ക് ഏതുരൂപ ത്തിലും ദുരുപയോഗം ചെയ്യാൻ സാധിക്കും. അതിനുള്ള അവസരം ജയിൽ

ഉദ്യോഗസ്ഥർക്ക് കൊടുക്കേണ്ടതുണ്ടോ എന്ന് ആലോചിക്കണം. വിചാരണ തടവുകാർക്ക് ജയിലിൽ ഭക്ഷണം, വസ്ത്രം, മറ്റ് സാധനങ്ങൾ എന്നിവ കൊണ്ടുവരുന്നതിനെ സംബന്ധിച്ച് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. നല്ല ഭക്ഷണം ജയിലിൽ കിട്ടിയാൽ  തടവിൽ പോകുന്നതാണ് സുരക്ഷിതമെന്ന് ക്രിമിനലുകൾ ചിന്തിക്കും.  അതിനാൽ അത്തരത്തിലുള്ള സൗകര്യങ്ങൾ ജയിലിൽ വർദ്ധിപ്പിക്കുന്നത് ഉചിതമല്ല.  തടവുകാർക്ക് വസ്ത്രവും മറ്റും നൽകുന്നതു സംബന്ധിച്ച് പറയുന്ന വ്യവസ്ഥ കുറച്ചുകൂടി പരിഷ്ക്കരിച്ച രീതിയിലാക്കണം. സന്ദർശകരുടെ സമ്പൂർണ്ണ ദേഹപരിശോധന ഉറപ്പാക്കും എന്ന് പറയുന്നത് ജയിലിൽ തടവുകാരെ കാണാൻ വരുന്നവരെ ശിക്ഷിക്കുന്ന രൂപത്തിലാക്കരുത്.  തടവുകാർക്ക് യോഗയും വ്യായാമവും നൽകുന്ന ആരോഗ്യപരിപാലന നടപടി സംസ്ഥാനത്ത് അരാജകത്വം സൃഷ്ടിക്കും. നിലവിൽ പരോൾ അനുവദിക്കുന്നത് 73-ാം വകുപ്പിൽ പറഞ്ഞിട്ടുള്ള നിബന്ധനകൾക്ക് വിധേയമായിട്ടുതന്നെയാണോയെന്ന് വ്യക്തമാക്കണം. ദേശഭക്തിയുടെ പേരിൽ തടവിലായവരെയും തെരുവുഗുണ്ടകളെയും ഒരേ നിലയിൽ കാണരുത്. തടവുകാർക്ക് മാനസിക പരിവർത്തനം ഉണ്ടാകത്തക്കതരത്തിലുള്ള ശിക്ഷ നൽകണം. ജയിലുകളിൽ തടവുകാർക്ക് നിരോധിത വസ്തുക്കൾ പ്രയാസം കൂടാതെ കിട്ടുന്ന ഒരു സ്ഥിതിക്കെതിരെ ശക്തമായ നടപടി ഉണ്ടാകണം. ജയിലുകളിൽ മുദ്രാവാക്യം വിളിയും രാഷ്ട്രീയ പ്രചരണവും നടത്താൻ അനുവദിക്കരുത്. തടവുകാർക്ക് രാഷ്ട്രീയ പരിഗണനയും രാഷ്ട്രീയ പരിരക്ഷയും കൊടുക്കരുത്. ഒരു പ്രത്യേക രാഷ്ട്രീയ പാർട്ടിയിൽപ്പെട്ട തടവുകാരെ ഒരു സെല്ലിൽ പാർപ്പിക്കരുത്.

<u>ശ്രീ. പി. കൃഷ്ണപ്രസാദ്:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗിക സേവനങ്ങളും (നിർവ്വഹണം) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ നിയമം ഒരു ചരിത്ര സംഭവമായി മാറുകയാണ്. മലബാർ മേഖലയിലും തിരു-കൊച്ചി മേഖലയിലുമുള്ള വ്യത്യസ്ത നിയമങ്ങൾക്കറുതി വരുത്തിക്കൊണ്ടുള്ള ഒരു ഏകീകൃത നിയമമാണ് നിലവിൽ വരുന്നത്. 60 വർഷത്തിനുശേഷം ഏകീകൃതമായ ഒരു നിയമമുണ്ടാക്കുന്നതിന് നേതൃത്വം കൊടുക്കുന്നു എന്നുള്ളതിന്റെ പേരിൽ ഈ ഗവൺമെന്റ് ചരിത്രത്തിന്റെ ഭാഗമായി മാറാൻ പോകുകയാണ്. കുറ്റവാളികളെ സമൂഹത്തിൽനിന്നും ഒഴിവാക്കുന്നതിനുപകരം അവരെ മാനസിക പരിവർത്തനത്തിന് വിധേയ മാക്കി സമൂഹത്തിന് ഉപകരിക്കുന്നവരാക്കി മാറ്റാനുള്ള വ്യവസ്ഥകളാണ് ബില്ലിലുള്ളത്. ജയിലുകൾ പ്രതികാരം തീർക്കാനുള്ള കേന്ദ്രമായാണ് ബ്രിട്ടീഷ് ഭരണകാലത്ത് കണ്ടിരുന്നത്. ക്രൂരമായ വിലയിരു ത്തലുകൾക്കുപകരം മനുഷ്യന്റെ മനോനിലകളെ അപഗ്രഥിക്കുന്നതിനുള്ള ശേഷി ജയിൽ ജീവനക്കാർക്കുണ്ടാകണം. തടവുകാരെ സ്വാഭാവികമായ മാനസികാവസ്ഥയിലേയ്ക്ക് കൊണ്ടുവന്ന് അവരെ ഉപയോഗപ്പെടുത്താനും മനസ്സിലാക്കാനുമുള്ള ശേഷി ആർജ്ജിക്കേണ്ടത് ജയിലിലെ ഉദ്യോ ഗസ്ഥരാണ്. തടവുകാരെ ഏറ്റവും ഉപകാരപ്രദമായ പൗരന്മാരായി മാറ്റിയെടു ക്കാൻ ഉദ്യോഗസ്ഥർക്ക് സാധിക്കണം. കോടതിയേക്കാൾ ഉപരിയായ കടമ യാണ് ജയിൽ ജീവനക്കാർ നിർവ്വഹിക്കുന്നത് എന്ന ബോധത്തിലേയ്ക്ക് അവരെ കൊണ്ടുവരണം. കുറ്റവാളികളെ വർഗ്ഗീയവൽക്കരിക്കുന്നതിനുള്ള സൗകര്യം ഇല്ലാതാക്കണം. മാനസിക പരിവർത്തനത്തിനുതകാൻ കഴിയുന്ന

മാറ്റങ്ങൾ തടവുകാരിൽ പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള ജയിലുകളിലെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ജീവനക്കാരുടെ എണ്ണത്തിൽ വർദ്ധനവ് വരുത്താനും കഴിഞ്ഞിട്ടുണ്ട്. ഈ ഗവൺമെന്റ് വന്നതിനുശേഷം 3 വർഷത്തിനുള്ളിൽ 7 പുതിയ ജയിലുകൾ തുറന്നു. ജയിലുകളുടെ സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ വേണ്ടി 13-ാം ധനകാര്യ കമ്മീഷൻ 154 കോടി രൂപയാണ് ഗ്രാന്റായിട്ട് റെക്കമെന്റ് ചെയ്തിരിക്കുന്നത്. ജയിലുകളെ മാനവിക പരിവർത്തനത്തിനുപകരിക്കുന്ന സാമൂഹ്യ സ്ഥാപനമാക്കി മാറ്റാൻ കഴിയണം. തടവുകാർക്ക് സാമൂഹ്യമായി പിന്തുണ കൊടുക്കാൻ വെൽഫയർ ഫണ്ട് രൂപീകരിക്കുന്നതുകൊണ്ട് സാധിക്കും. തടവുകാരുടെ ജീവിത സൗകര്യങ്ങൾ, സാമൂഹ്യ-സാമ്പത്തിക സാഹചര്യങ്ങൾ എന്നിവ പുരോഗമനപരമായി മാറ്റിയെടുക്കാൻ കഴിയുന്ന കാഴ്ചപ്പാടാണ് ഈ നിയമത്തിലുള്ളത്. ഈ സർക്കാർ വന്നതിനുശേഷം തടവുകാരുടെ വേതനം 69 രൂപയാക്കി ഉയർത്തി. ഓപ്പൺ ജയിലിലെ തടവുകാരുടെ വേതനം 30 രൂപയായിരുന്നത് 110 രൂപയാക്കി ഉയർത്തുകയുണ്ടായി. തടവുകാർക്കുണ്ടാകുന്ന വരുമാനത്തിന്റെ 50 ശതമാനം തുക വീട്ടിലേയ്ക്ക് അയച്ചുകൊടുക്കാനുള്ള നടപടി സ്വീകരിച്ചു. 26 വർഷം വരെ ജയിൽ ശിക്ഷ അനുഭവിച്ചവരെ വിട്ടയയ്ക്കാൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി 104-ഓളം തടവുകാരെ വിട്ടയച്ചിട്ടുണ്ട്. 10 വർഷം ശിക്ഷ പൂർത്തിയാക്കിയ 200-ഓളം തടവുകാരുടെ പട്ടിക വിടുതലിന് വേണ്ടി പരിഗണിക്കാൻ സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. തടവുകാരുടെ ആരോഗ്യവും ജയിലിനകത്തുള്ള ശുചിത്വവും വ്യക്തിപരമായ ശുചിത്വപരിപാലനവുമൊക്കെ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തികൊണ്ട് പുന:പ്പരിശോധിക്കാൻ സാധിച്ചിട്ടുണ്ട്. സ്കൂൾ, നഴ്സറി, ക്രഷ്, ഗ്രന്ഥശാല എന്നിവ എല്ലാ പ്രധാനപ്പെട്ട ജയിലുക

ളിലും ഉണ്ടാക്കണമെന്നുള്ളത് ഈ നിയമത്തിന്റെ ഭാഗമായി നിർബന്ധമാക്കിയിട്ടുണ്ട്. കൗൺസിലിംഗിന് മത-ധാർമ്മിക നേതാക്കൾ ഉൾപ്പെടെയുള്ളവരുടെ സേവനം ഉപയോഗപ്പെടുത്താൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ജയിൽ ശിക്ഷ പൂർത്തീകരിക്കപ്പെടുന്നയാളെ നല്ല പൗരനാക്കി മാറ്റിയെടുക്കാനും അവരെ സമൂഹത്തിൽ പുനഃസ്ഥാപിക്കുന്നതിനുംവേണ്ടിയിട്ടുള്ള ഒരു പുനരധിവാസ പദ്ധതി കൂടി ഈ നിയമത്തിന്റെ ഭാഗമായി മുന്നോട്ട് വച്ചിട്ടുണ്ട്. തടവുകാരുടെ കുറ്റവാസന ഇല്ലാതാക്കാനുള്ള പരിശീലനം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. ഏറെ അഭിമാനിക്കാൻ കഴിയുന്ന ഈ നിയമം കേരള നിയമസഭ ഏകകണ്ഠമായി പാസ്സാക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) : പ്രസക്തമായ ഒട്ടേറെ കാര്യങ്ങൾ ഇവിടെ പ്രതിപാദിക്കുകയുണ്ടായി. സംസ്ഥാനം രൂപംകൊണ്ടതിനുശേഷം ഈ സംസ്ഥാനത്തെ ഏകോപിപ്പിച്ചുകൊണ്ടുള്ള ഒരു ജയിൽ നിയമം ഉണ്ടായിട്ടില്ല. 1958-ൽ ജയിൽ വകുപ്പ് കൈകാര്യം ചെയ്തിരുന്ന ജസ്റ്റീസ് വി.ആർ. കൃഷ്ണയ്യർ മുൻകൈയ്യെടുത്ത് തയ്യാറാക്കിയിട്ടുള്ള പ്രിസൺസ് റൂൾസിന്റേയും ഉദയഭാനു കമ്മീഷന്റെ നിർദ്ദേശങ്ങളുടേയും സുപ്രീംകോടതിയുടേയും ഹൈക്കോടതിയുടേയും നിർദ്ദേശങ്ങളുടേയും ജസ്റ്റിസ് വി.ആർ കൃഷ്ണയ്യർ ചെയർമാനായ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റേയും തുടർച്ച എന്നുള്ള നിലയിലാണ് ഇത്തരമൊരു നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കാൻ ഗവൺമെന്റ് സന്നദ്ധമായത്. ഇൻഡ്യാ ഗവൺമെന്റ് സംസ്ഥാനത്തിനയച്ച റിപ്പോർട്ടിലും ജയിൽ പരിഷ്ക്കരണത്തെക്കുറിച്ച് പറയുന്നുണ്ട്. ആദ്യമായിട്ടാണ് 158 കോടി രൂപ ഫിനാൻസ് കമ്മീഷൻ കേരളത്തിലെ ജയിലുകൾക്കുവേണ്ടി അവാർഡ് ചെയ്യുന്നത്. ഇപ്പോഴുള്ള തടവുകാരിൽ തൊണ്ണൂറ്റിയേഴ് ശതമാനവും

ക്രിമിനൽ കേസ്സുകളിൽപ്പെട്ടവരാണ്. തടവുകാരും തടവുപുള്ളിയും ഒന്നല്ല എന്ന രീതിയിൽ വ്യത്യാസം വരുത്തിയിട്ടുണ്ട്. സ്വാതന്ത്ര്യത്തിനു ശേഷം ജയിലുകളിലെ സ്ഥിതിഗതികളിൽ വളരെയെറെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. കണ്ണൂർ ജയിലിൽ തടവുകാരെ കൺട്രോൾ ചെയ്യുന്നതിനെക്കുറിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. തടവുകാരുടെ ആനുകൂല്യത്തെ സംബന്ധിച്ചും അവരുടെ കണ്ടീഷൻസ് മെച്ചപ്പെടുത്തുന്നതിനെക്കുറിച്ചും ഇവിടെ ഉയർന്നുവന്ന നിർദ്ദേശങ്ങൾ ബില്ലിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്തെങ്കിലും മാറ്റങ്ങൾ ആവശ്യമുണ്ടെങ്കിൽ പ്രത്യേകമായി പരിശോധിക്കാം. കല്യാണം, മരണം അതുപോലുള്ള മറ്റ് ദുരന്തങ്ങൾ, അത്യാഹിത സംഭവങ്ങൾ ഇവ ഉണ്ടാകുമ്പോൾ പ്രൊബേഷണറി ആഫീസറുടേയും പോലീസിന്റേയും റിപ്പോർട്ട് അനുസരിച്ച് പരോൾ അനുവദിക്കാൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ന്യായമായ കേസുകളിൽ അർഹതയുള്ളവർക്ക് പരോൾ കൊടുക്കാമെന്ന് എസ്.പി.മാരുടെ കോൺഫറൻസിലും ഡയറക്ഷൻ കൊടുത്തിട്ടുണ്ട്. റിമാന്റ് പ്രിസണേഴ്സും കൺവിക്റ്റഡ് പ്രിസണേഴ്സും ഒരേ സെല്ലിൽ കിടക്കുന്നത് പരമാവധി ഒഴിവാക്കുന്നതാണ്. സെൻട്രൽ ജയിലിൽ കൺവിക്റ്റഡ് പ്രിസണേഴ്സിനെ മാത്രമേ ഇടാൻ പാടുള്ളൂ എന്നുണ്ടെങ്കിലും സ്ഥലമില്ലാതെ വരുമ്പോൾ ചിലപ്പോൾ റിമാന്റ് തടവുകാരെ പാർപ്പിക്കുന്നുണ്ട്. ഇത് മാറ്റുന്നതിനുള്ള നടപടിയുടെ ഭാഗമായാണ് 8 പുതിയ സബ്-ജയിലുകൾ തുറന്നത്. സിവിൽ തടവുകാരുടെ കാര്യം നിയമാനുസൃതമായി ട്രീറ്റ് ചെയ്യാവുന്നതാണ്. ഹാബിചൽ ഒഫൻണ്ടേഴ്സിനെ പ്രത്യേകമായി പാർപ്പിക്കുന്നതിനുള്ള ക്രമീകരണത്തിനായി സൂപ്രണ്ടുമാർക്ക് അധികാരം കൊടുത്തുകൊണ്ട് ജയിൽ റൂൾസിൽ പ്രത്യേക വ്യവസ്ഥ ചെയ്തിട്ടുണ്ട്. മെച്ചപ്പെട്ട ചികിത്സയും ഭക്ഷണവും നൽകുന്നതിന് നിയമത്തിൽ വ്യവസ്ഥ

ഉൾപ്പെടുത്തിയിട്ടുണ്ട്. വിക്റ്റിംസിന്റെ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കുന്നതിന് സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് മുൻകൈയെടുക്കുന്നതാണ്. എൻ.ജി.ഒ.കൾ മറ്റു സന്നദ്ധ സംഘടനകൾ ഇവരുടെയെല്ലാം സേവനം എങ്ങനെ പ്രയോജനപ്പെടുത്താൻ സാധിക്കും എന്നുള്ള കാര്യവും പരിശോധിക്കുന്നുണ്ട്. സോഷ്യൽ വെൽഫെയർ ഡിപ്പാർട്ടുമെന്റ് മുഖേന നടപ്പാക്കുന്ന പദ്ധതികൾ വിപുലീകരിക്കുന്നതിനെക്കുറിച്ച് ആലോചിക്കാവുന്നതാണ്. തടവുകാർക്ക് അവരുടെ കുടുംബവുമായി ബന്ധപ്പെടുന്നതിന് തിരുവനന്തപുരത്തും വിയ്യൂരും കണ്ണൂർ സെൻട്രൽ ജയിലിലും കോയിൻ ബോക്സ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. എഫ്.എം. റേഡിയോ ജയിലിൽ ഉപയോഗിക്കാൻ അനുവാദം കൊടുത്തിട്ടുണ്ട്. തടവുകാർ അധ്വാനിച്ചുണ്ടാക്കുന്ന തുകയിൽ നിന്ന് ഒരു എഫ്.എം. റേഡിയോ വാങ്ങാൻ അനുവദിച്ചിട്ടുണ്ട്. ജയിലിൽ കുറച്ച് അച്ചടക്കം ഇതിലൂടെ കൊണ്ടുവരാൻ സാധിക്കും. മൊബൈൽ ഫോൺ കർശനമായി തടയുന്നതിന് മൊബൈൽ ജാമറുകൾ വച്ചിട്ടുണ്ട്. ജയിലിൽ നിരോധിച്ച സാധനങ്ങൾ കൊണ്ടുവരുന്നത് കണ്ടുപിടിക്കാൻ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ജയിൽ സന്ദർശകർ കഞ്ചാവ് കൊണ്ടുവരുന്നത് കർശനമായി തടയും. ബീഡി വലിക്കുന്നതിനുള്ള അനുവാദം മുൻപേ തന്നെ നിലവിലുണ്ട്. റിമാൻഡ് തടവുകാരെ വിചാരണയ്ക്കായി കോടതിയിലേയ്ക്ക് കൊണ്ടുപോകുന്നതിനുണ്ടാകുന്ന പ്രയോഗിക ബുദ്ധിമുട്ടും മറ്റും പരിഹരിക്കുന്നതിനായി ജയിലിലെ സെല്ലുകളിലിരുന്നുകൊണ്ടുതന്നെ ജഡ്ജസിന്റെ ചോദ്യങ്ങൾക്കുള്ള മറുപടി നൽകുന്നതിന് വീഡിയോ കോൺഫറൻസിംഗ് ഫെസിലിറ്റി ഏർപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. 450 ഏക്കറോളം സ്ഥലമുള്ള നെട്ടുകാൽത്തേരി

ജയിൽവളപ്പിനുചുറ്റും കോമ്പൗണ്ട് വാൾ കെട്ടുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തടവുകാർക്ക് പുറത്തുനിന്ന് കൊണ്ടുവരുന്ന ഭക്ഷണം കൊടുക്കേണ്ടതില്ലെന്ന് ഉദ്ദേശിക്കുന്നതുകൊണ്ടാണ് അത് നിയമത്തിൽ ഉൾപ്പെടുത്താത്തത്. റിമാൻഡ് തടവുകാരെ കോടതികളിലേയ്ക്കും മറ്റുമായി പുറത്തുകൊണ്ടു പോകേണ്ടിവരുമ്പോൾ വഴിക്കുവച്ച് പല പ്രശ്നങ്ങൾ ഉണ്ടാകുകയും അത് ജയിലിനകത്ത് പ്രതിഫലിക്കുകയും ചെയ്തിട്ടുള്ള നിരവധി സാഹചര്യങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നത് കണക്കിലെടുത്ത് ജയിലുകളും കോടതികളും തമ്മിലുള്ള വീഡിയോ കോൺഫറൻസിംഗ് സിസ്റ്റം കൊണ്ടുവരണമെന്ന് സർക്കാർ തീരുമാനമെടുക്കുകയും കേന്ദ്ര ഗവൺമെന്റിന്റെ അനുമതി കിട്ടുന്ന മുറയ്ക്ക് ഉടൻതന്നെ സംസ്ഥാനത്ത് നടപ്പിലാക്കാനുള്ള എല്ലാ ക്രമീകരണങ്ങളും ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ബില്ലിന്റെ വകുപ്പ് തിരിച്ചുള്ള പരിഗണനാവേളയിൽ മറ്റ് നിർദ്ദേശങ്ങളെല്ലാംതന്നെ പരിശോധിക്കാവുന്നതാണ്.

ഭേദഗതികൾ സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

110, 111, 115, 125, 129, 133, 135 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

120-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി വാക്കാൽ ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

ഖണ്ഡം 2(xii)-ൽ “അക്രമണ സ്വഭാവമുള്ളതോ” എന്നതിനുശേഷം “തുടർച്ചയായി അക്രമ സ്വഭാവം പ്രകടിപ്പിക്കുന്നതോ” എന്ന് ചേർക്കാവുന്നതാണ്.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>3-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(242) (i) ഖണ്ഡം 3(1)ൽ “വിജ്ഞാപനം മൂലം” എന്ന വാക്കുകൾ ഒഴിവാക്കുക.

(ii) ഖണ്ഡം 3(2)ൽ “വിജ്ഞാപനം വഴി” എന്ന വാക്കുകൾ ഒഴിവാക്കുക.

138, 143, എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>4-ാം വകുപ്പ്</u>

144-ാം നമ്പർ ഭേദഗതി ഭേദഗതിയോടുകൂടി വാക്കാൽ ഭേദഗതിയായി മന്ത്രി അവതരിപ്പിച്ചു.

ഖണ്ഡം 4(2) (ഡി)-യിൽ “പരിശീലനത്തിന്റെയും പരിപാടികളും” എന്നതിനുശേഷം “തടവുകാരുടെ മനുഷ്യാവകാശം സംരക്ഷിക്കുന്നതിന്റെയും” എന്നാക്കി മാറ്റണം.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>5-ാം വകുപ്പ്</u>

148, 154 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>6-ാം വകുപ്പ്</u>

155-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>7-ാം വകുപ്പ്</u>

159-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>9-ാം വകുപ്പ്</u>

161-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>10-ാം വകുപ്പ്</u>

162-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>11-ാം വകുപ്പ്</u>

163-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(164) ഖണ്ഡം 11(4)-ൽ 'സിംപോസിയങ്ങൾ' എന്നതിനുശേഷം 'എന്നിവയും' എന്ന വാക്കിന് മുമ്പായി 'മറ്റ് ബോധവൽക്കരണ പ്രവർത്തനങ്ങൾ' എന്നീ വാക്കുകൾ കൂട്ടിച്ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>12-ാം വകുപ്പ്</u>

171-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു. .

(170) ഖണ്ഡം 12 (vi)-ൽ "സാന്മാർഗ്ഗിക" എന്ന വാക്കിന് പകരം "സാന്മാർഗ്ഗികവുമായ" എന്ന വാക്ക് ചേർക്കുക;

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>14-ാം വകുപ്പ്</u>

173-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>18-ാം വകുപ്പ്</u>

178, 179 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>20-ാം വകുപ്പ്</u>

183, 187 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>22-ാം വകുപ്പ്</u>

189-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>28-ാം വകുപ്പ്</u>

192-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>30-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതികൾ അവതരിപ്പിച്ചു.

(193) ഖണ്ഡം 30(2)-ൽ, "വനിതാ വാർഡറോ ദേഹപരിശോധന നടത്തേണ്ടതാണ്" എന്നതിനുപകരം താഴെപ്പറയുന്ന വാക്കുകൾ ചേർക്കുക.

"വനിതാ വാർഡനോ മാത്രമേ ദേഹപരിശോധന നടത്താൻ പാടുള്ളൂ"

(195) ഖണ്ഡം 30(5)-ൽ, "അടയാളങ്ങളും രക്തഗ്രൂപ്പും" എന്നതിനു ശേഷം "ഉൾപ്പെടെയുള്ള" എന്നതിനു മുൻപായി താഴെ പറയുന്ന വാക്കുകൾ കൂടി ചേർക്കുക.

"അയാൾ എച്ച്.ഐ.വി. പോസിറ്റീവ് ആണോ എന്നത്"

മന്ത്രി അവതരിപ്പിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

<u>34-ാം വകുപ്പ്</u>

197-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(243) ഖണ്ഡം 34-ന്റെ മാർജിൻ ശീർഷകം “വിചാരണ തടവുകാരുടെയും തടവുകാരുടെയും സംരക്ഷണം” എന്നതിനുപകരം “വിചാരണ തടവുകാരുടെയും ഡെറ്റിന്യൂകളുടേയും സംരക്ഷണം” എന്നുമാറ്റുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

<u>45-ാം വകുപ്പ്</u>

198-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>56-ാം വകുപ്പ്</u>

200-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>62-ാം വകുപ്പ്</u>

202-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>67-ാം വകുപ്പ്</u>

205-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>70-ാം വകുപ്പ്</u>

207, 211 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>72-ാം വകുപ്പ്</u>

213, 216, 217 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

<u>73-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന ഔദ്യോഗിക ഭേദഗതി അവതരിപ്പിച്ചു.

(244) ഖണ്ഡം 73 ൽ "ഏതൊരു തടവുകാരനെയും" എന്നതിനു പകരം "ഏതൊരു ശിക്ഷിക്കപ്പെട്ട തടവുകാരനെയും" എന്നു ചേർക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

81-ാം വകുപ്പ്

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

(230) ഖണ്ഡം 81 ഉപഖണ്ഡം (6)-ൽ "ജോലിസമയത്ത് സംസാരിക്കുകയോ" എന്നീ വാക്കുകൾ ഒഴിവാക്കുക.

മന്ത്രി അവതരിപ്പിച്ച ഭേദഗതി സഭ അംഗീകരിച്ചു.

88-ാം വകുപ്പ്

236-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

100-ാം വകുപ്പ്

238-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

101-ാം വകുപ്പ്

241-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഒന്നാം വകുപ്പും പീഠികയും പേരും

103, 104, 106, 108 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി ശ്രീ. കോടിയേരി ബാലകൃഷ്ണൻ: 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗീകരണ സേവനങ്ങളും (നിർവ്വഹണം) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ്കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജി. കാർത്തികേയൻ: സർ, ഈ ബില്ലിലെ സ്പിരിറ്റിനോട് ഞങ്ങൾ യോജിക്കുകയാണ്. ഈ ബിൽ നിയമമാകുമ്പോൾ അതിന്റെ ഗുണപരമായ മാറ്റങ്ങൾ തീർച്ചയായിട്ടും തടവുകാരിലും തടവുകാരെ പാർപ്പിക്കുന്ന തടവറകളിലുമുണ്ടാകണം. മന്ത്രി മറുപടി പ്രസംഗത്തിൽ പറഞ്ഞ കാര്യങ്ങളെല്ലാം തന്നെ നടപ്പിലാക്കാൻ പ്രത്യേകം ശ്രദ്ധിക്കണം. ജയിൽ വിപുലീകരിക്കുകയോ പുതിയ ജയിൽ ഉണ്ടാക്കുകയോ ചെയ്ത് ജയിലുകളിലെ ബാഹുല്യം കുറയ്ക്കാൻ നടപടി സ്വീകരിക്കണം. റിമാന്റ് തടവുകാരെയും വിചാരണത്തടവുകാരെയും ക്രിമിനൽ തടവുകാരിൽനിന്ന് മാറ്റി പ്രത്യേകം പാർപ്പിക്കുന്നതിനുള്ള നടപടികൂടി ഉണ്ടാകണം.

ശ്രീ. പി. സി. ജോർജ്: ഇത് എല്ലാവരും ആഗ്രഹിച്ചിരുന്ന ഒരു നിയമമാണ്. സംസ്ഥാനത്തെ തടവുകാരുടെ സുരക്ഷിതമായ കസ്റ്റഡിക്കും തിരുത്തി നന്നാക്കലിനും സ്വഭാവദൂഷ്യങ്ങൾ നീക്കം ചെയ്യുന്നതിനും ക്ഷേമത്തിനും പുനരധിവാസത്തിനും അവരെ മനുഷ്യ സമൂഹത്തിന്റെ ഭാഗമാക്കി മാറ്റുകയും ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടി ഒരു നിയമം കൊണ്ടുവന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്.

ശ്രീ. സി. ടി. അഹമ്മദ് അലി: ഈ നിയമം ദുരുപയോഗം ചെയ്യാതെ അതിന്റെ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ട് കാര്യക്ഷമമായി നടപ്പിലാക്കാൻ ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കണം. ജയിലുകളിലെ ബാഹുല്യം കുറയ്ക്കുകയും തടവുകാർക്ക് ആവശ്യംവേണ്ട എല്ലാ സൗകര്യങ്ങളും ഒരുക്കിക്കൊടുക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കണം. ദൈവവിശ്വാസികളായ തടവുകാർക്ക് ആരാധനയ്ക്കുള്ള സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുകയും വായിക്കാനായി നല്ല ഗ്രന്ഥങ്ങളും പുസ്തകങ്ങളും നൽകുകയും കൗൺസിലിംഗ് ഏർപ്പെടു

ത്തുകയും ചെയ്ത് അവരിൽ മാനസിക പരിവർത്തനമുണ്ടാക്കി നല്ല മനുഷ്യരായി മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ ഉണ്ടാകണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ): വളരെ പ്രധാനപ്പെട്ട ഒരു നിയമനിർമ്മാണമാണിത്. മാതൃകാപരമായ നിയമനിർമ്മാണം നടത്തിയിട്ടുള്ള സംസ്ഥാനത്ത് ഇത്തരമൊരു നിയമനിർമ്മാണം നടത്തുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. 102 വകുപ്പുകളുള്ള ഈ ബില്ലിൽ നയപരമായി ചോദ്യം ചെയ്യപ്പെടുന്ന ഭേദഗതികളൊന്നും ആരും അവതരിപ്പിച്ചില്ല. ജയിലിലെ തടവുകാരുടെ ബാഹുല്യം കുറയ്ക്കുന്നതിന് മുൻഗണന നൽകുന്നതാണ്. 6,700 തടവുകാർ നിലവിലുണ്ടെങ്കിലും 4,583 തടവുകാരെ പാർപ്പിക്കുന്നതിനുള്ള സൗകര്യം മാത്രമാണ് സംസ്ഥാനത്തെ ജയിലുകളിലുള്ളത്. അത് കണക്കിലെടുത്താണ് പുതിയ ജയിൽ നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളത്. തിരുവനന്തപുരം സബ് ജയിൽ കെട്ടിട നിർമ്മാണം പൂർത്തിയാക്കുകയും സെൻട്രൽ ജയിലിൽ ഒരു അഡീഷണൽ ബ്ലോക്ക് നിർമ്മിക്കാൻ അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. കണ്ണൂർ ബോസ്റ്റർ സ്ക്കൂളും എറണാകുളം ബോസ്കോ സ്ക്കൂളും സബ്ജയിലുകളായി മാറ്റാനുള്ള നടപടി സ്വീകരിച്ചു. മനസ്സറിയാതെ കുറ്റകൃത്യങ്ങളിൽപ്പെടുന്നവരേയും സ്ഥിരമായി കുഴപ്പമുണ്ടാക്കുന്നവരേയും മാഫിയാ സംഘത്തിൽപ്പെട്ട ആളുകളേയും നിയമപരമായി അമർച്ച ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. തടവുകാർക്ക് മാനുഷിക പരിഗണന കിട്ടാനുതകുന്ന തരത്തിലുള്ള സമീപനമാണ് ഈ നിയമത്തിലൂടെ ഉദ്ദേശിച്ചിട്ടുള്ളത്. കൗൺസിലിംഗിലൂടെ തടവുകാരെ നല്ല മനുഷ്യരാക്കി മാറ്റാനുള്ള തുടർച്ചയായ പരിശ്രമം ജയിലുകളിൽ നടത്തണമെന്ന് ബില്ലിൽ

വ്യവസ്ഥ ചെയ്തിട്ടുണ്ട്. അവരുടെ വായനാശീലം വളർത്തിയെടുക്കുന്നതിനായി ജയിലുകളിൽ നല്ല രീതിയിലുള്ള ലൈബ്രറിയുണ്ടാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. തടവുകാർക്ക് നല്ല കാര്യങ്ങളെക്കുറിച്ച് ചിന്തിക്കാനും പ്രവർത്തിക്കാനും അവരെ പ്രാപ്തരാക്കുന്ന തരത്തിലുള്ള സമീപനം സ്വീകരിക്കുന്നതോടൊപ്പം വിവിധ മതവിശ്വാസികളായ തടവുകാർക്ക് അവരുടെ വിശ്വാസം സംരക്ഷിക്കാനും ആരാധന നടത്താനുമുള്ള ക്രമീകരണവും പുരോഹിതന്മാർക്ക് ജയിലിൽ സന്ദർശനം നടത്താനുള്ള സൗകര്യവും നൽകുന്നതാണ്. ബിൽ ഐകകണ്ഠ്യേന പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള പ്രിസണുകളും സംശുദ്ധീകരണ സാന്മാർഗ്ഗിക സേവനങ്ങളും (നിർവ്വഹണം) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

2) <u>2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ</u>

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ)</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള ക്ഷീരകർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണ മെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി)</u>: പ്രമേയത്തെ പിന്താങ്ങുന്നു.

<u>ശ്രീ. ജോസഫ്. എം. പുതുശ്ശേരി:</u> വിയോജിപ്പ് രേഖപ്പെടുത്തുന്നു. ക്ഷീരകർഷകരുടെ നിരവധി ആവശ്യങ്ങൾ മുന്നോട്ടുവച്ച് വയനാട്ടിൽ ഇന്ന് ക്ഷീരബന്ദ് നടക്കുകയാണ്. ഉൽപ്പാദനച്ചെലവിന് അനുസൃതമായ വില

ക്ഷീരകർഷകർക്ക് ലഭിക്കുന്നില്ല. പാലിന് അനിയന്ത്രിതമായ വില നൽകാൻ കഴിയാത്ത സാഹചര്യമാണ് സംസ്ഥാനത്തുള്ളത്. ഇത് പരിഹരിക്കുന്നതി നാവശ്യമായ നടപടി സ്വീകരിക്കണം. കാലിത്തീറ്റയ്ക്ക് സബ്സിഡി അനുവദി ക്കണം. ക്ഷീരകർഷകരുടെ ക്ഷേമനിധിയിലേക്ക് പ്രതിമാസം 20 രൂപയാണ് നൽകേണ്ടത്. കർഷകർക്ക് ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ലഭ്യമാക്കു ന്നതോടൊപ്പം ക്ഷേമനിധിയിലേയ്ക്കുള്ള സർക്കാരിന്റെ വിഹിതം ഉറപ്പുവരുത്തുകയും വേണം. ക്ഷേമനിധി അംഗങ്ങൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ നൽകുന്നതിനായി ക്ഷേമനിധിയുടെ വിഹിതം വർദ്ധിപ്പിക്കണം. ക്ഷീരകർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ ക്രമീക രണം ഏർപ്പെടുത്തണം. ക്ഷീരകർഷകർക്ക് കന്നുകാലികളെ വളർത്തുന്നതി നുള്ള പശ്ചാത്തല സൗകര്യം വർദ്ധിപ്പിക്കണം. അന്യസംസ്ഥാനത്തുനിന്ന് പാൽ ഇറക്കുമതി ചെയ്ത് സംസ്ഥാനത്തെ പാൽക്ഷാമത്തിന് പരിഹാരം കാണണം. രോഗപ്രതിരോധ നടപടികൾ സ്വീകരിക്കണം. ഗുണമേന്മയുള്ള കാലിത്തീറ്റ കുറഞ്ഞവിലയ്ക്ക് ക്ഷീരകർഷകർക്ക് ലഭ്യമാക്കണം. 500 ലിറ്റർ പാൽ അളക്കുമ്പോൾ ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ നഷ്ടപ്പെടാൻ സാധ്യതയുണ്ടെന്ന ആശങ്ക നിലനിൽക്കുന്നതിനാൽ അതിന്റെ പരിധി കുറച്ച് ആനുകൂല്യങ്ങൾ കൂടുതൽപേർക്ക് ലഭ്യമാക്കണം. അംശദായം ഗവൺമെന്റി ലേയ്ക്ക് അടയ്ക്കുന്നതിൽ വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽനിന്ന് തുകയും പലിശയും ഈടാക്കുന്ന നടപടി കുറേക്കൂടി ഫലപ്രദമാക്കണം. 10 വർഷം പ്രാഥമിക ക്ഷീര സഹകരണസംഘത്തിൽ പാൽ അളക്കുകയും എന്നുള്ളത് 5 വർഷമായി കുറവുചെയ്യണം. സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കണം. 500 ലിറ്റർ പാൽ അളക്കണമെന്നുള്ള

പരിധി കുറച്ച് കൂടുതൽ ആളുകൾക്ക് ക്ഷേമനിധിയുടെ ആനുകൂല്യം ലഭ്യമാക്കണം.

<u>ശ്രീ. എ. എ. ഷുക്കൂർ</u>: വിയോജനം രേഖപ്പെടുത്തുന്നു. ക്ഷീര വ്യവസായ രംഗത്തെ പ്രതിസന്ധി പരിഹരിക്കാത്തതിൽ പ്രതിഷേധിച്ച് സംസ്ഥാനത്ത് പല ജില്ലകളിലും ക്ഷീരകർഷകരുടെ സമരം നടക്കുകയാണ്. പാലുൽപ്പാദനം വർദ്ധിപ്പിക്കാൻ ക്ഷീരകർഷകർക്ക് അത്യുൽപ്പാദന ശേഷിയുള്ള കാലികളെ നൽകണം. കാലിത്തീറ്റയുടെ വിലവർദ്ധനവും പച്ചപ്പുല്ലിന്റെയും കച്ചിയുടെയും ദൗർലഭ്യവും പരിഹരിക്കാൻ നടപടി സ്വീകരിക്കണം. ക്ഷേമനിധി ആനുകൂല്യത്തിനുള്ള അർഹതയുടെ മാനദണ്ഡമായി അളക്കുന്ന പാലിന്റെ അളവ് 500 ലിറ്റർ എന്ന പരിധി കുറയ്ക്കണം. ഈ നിയമനിർമ്മാണം ക്ഷീരകർഷകർക്കാവശ്യമായ എല്ലാ പരിരക്ഷയും കൊടുക്കുന്ന ഒന്നായി മാറണം.

<u>ശ്രീ. ബാബു പോൾ:</u> സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പരമാവധി ക്ഷീരകർഷകർക്ക് ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള വ്യവസ്ഥകളാണ് ബില്ലിലുള്ളത്. എല്ലാ ക്ഷീരകർഷകർക്കും ക്ഷേമനിധിയുടെ ആനുകൂല്യം ലഭ്യമാക്കുന്നതിനും അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാനുമുള്ള നടപടിയുടെ ഭാഗമായാണ് ഈ ഭേദഗതി നിയമം കൊണ്ടുവന്നിരിക്കുന്നത്. ഈ ഭേദഗതി അംഗീകരിക്കുന്നതിലൂടെ മുപ്പതിനായിരത്തോളം വരുന്ന ക്ഷീരകർഷ കർക്കുകൂടി ക്ഷേമനിധിയുടെ ആനുകൂല്യങ്ങൾ ലഭിക്കും. ക്ഷേമനിധി യിലേയ്ക്കുള്ള കുടിശ്ശിക പിരിച്ചെടുക്കാനുള്ള നടപടിയും ഈ ബില്ലിൽ

നിർദ്ദേശിച്ചിട്ടുണ്ട്. കറവക്കാരെക്കൂടി ക്ഷേമനിധിയുടെ പരിധിയിൽ ഉൾപ്പെടുത്തണം. പാലുൽപ്പാദനക്ഷമത വർദ്ധിപ്പിക്കണം. പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് അത്യുൽപ്പാദന ശേഷിയുള്ള പശുക്കളുടെ എണ്ണം കൂട്ടണം. ഉൽപ്പാദനച്ചെലവ് കുറയ്ക്കാനുള്ള നടപടി സ്വീകരിക്കണം. ശരാശരി ഇരുപത് ലിറ്റർ പാൽ എങ്കിലും കിട്ടുന്ന പശുക്കളുടെ എണ്ണം വർദ്ധിപ്പിച്ചാൽ മാത്രമേ സംസ്ഥാനം ക്ഷീരോൽപ്പാദന രംഗത്ത് സ്വയംപര്യാപ്തമാവുകയുള്ളൂ. സങ്കരയിനം പശുക്കളുടെ പാലുൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിന് സർക്കാരിന്റെ പ്രജനന നയത്തിൽ മാറ്റം വരുത്തണം. അത്യുൽപ്പാദന ശേഷിയുള്ള വിത്ത് ഇറക്കുമതി ചെയ്യണം. ഈ രംഗത്ത് സർക്കാർ പശുഗ്രാം, മിൽക്ക് ഷെഡ്, പശുപരിപാലനം തുടങ്ങി ഒട്ടേറെ പരിപാടികൾ ഇതിനോടകം നടപ്പാക്കിയിട്ടുണ്ട്. കാലിത്തീറ്റയ്ക്ക് സബ്സിഡി നൽകിയ ഏക സംസ്ഥാനമാണ് കേരളം. ഗവൺമെന്റിന്റെ കീഴിലുള്ള തരിശായി കിടക്കുന്ന സ്ഥലങ്ങൾ പ്രകൃതിദത്ത തീറ്റപ്പുൽ കൃഷി നടത്താൻ ക്ഷീര കർഷക സംഘങ്ങൾക്ക് പാട്ടത്തിന് നൽകണം. വൈക്കോൽ മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യണം. ചാണകവും ഗോമൂത്രവും ഫലപ്രദമായി വിനിയോഗിക്കുന്നതിലൂടെ ക്ഷീര കർഷകന്റെ വരുമാനം വർദ്ധിപ്പിക്കാൻ കഴിയും. ക്ഷീര കർഷക ക്ഷേമനിധി രൂപീകരിച്ചതിനുശേഷം പെൻഷനുപുറമെ വിവാഹ ധനസഹായം, മരണാനന്തര ധനസഹായം തുടങ്ങി നിരവധി ആനുകൂല്യങ്ങൾ അംഗങ്ങൾക്ക് നൽകിയിട്ടുണ്ട്. പെൻഷൻ തുക 250 രൂപയിൽ നിന്ന് 300 രൂപയാക്കി വർദ്ധിപ്പിച്ചതും കുടുംബ പെൻഷൻ 150 രൂപയാക്കി വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. ക്ഷേമനിധിയിലെ അംഗങ്ങൾക്കുള്ള വിവാഹ ധനസഹായം 5000 രൂപയാക്കി വർദ്ധിപ്പിക്കണം. സങ്കരയിനം പശുക്കളുടെ

എണ്ണം വർദ്ധിപ്പിച്ചതിന്റെ ഫലമായി പാലുൽപ്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടുണ്ട്. രോഗംവന്ന് മരിക്കുന്ന പശുക്കൾക്ക് 50,000 രൂപ നഷ്ടപരിഹാരം നൽകണം. പാലുൽപ്പാദന രംഗത്ത് പ്രതിവർഷം 4 ശതമാനത്തിന്റെ വർദ്ധനവുണ്ടായിട്ടുണ്ടെന്നാണ് എക്കണോമിക് റിവ്യൂ റിപ്പോർട്ടിൽ പറയുന്നത്. പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള നടപടിയുമായി മുന്നോട്ടുപോകുന്ന ഗവൺമെന്റിനെ അഭിനന്ദിക്കുന്നു. പാലുൽപ്പാദനത്തെക്കുറിച്ച് പഠിക്കാൻ നിയോഗിച്ച കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സമയബന്ധിതമായി നടപ്പിലാക്കണം. ഉൽപ്പാദനശേഷിയുള്ള സെമൻ ഇറക്കുമതി ചെയ്യാനാവശ്യമായ നടപടി സ്വീകരിക്കണം. കാലിത്തീറ്റയ്ക്ക് സബ്സിഡി വർദ്ധിപ്പിക്കണം. ക്ഷീരകർഷകർക്കുള്ള പെൻഷൻ 500 രൂപയായി വർദ്ധിപ്പിക്കണം. ക്ഷീരകർഷക സംഘങ്ങളിൽ അംഗമല്ലാതിരിക്കുകയും സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാലളക്കുകയും ചെയ്യുന്ന ക്ഷീരകർഷകരെ ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണം. ക്ഷീരകർഷകർക്ക് പലിശരഹിത വായ്പ അനുവദിക്കാനും മുൻകാലങ്ങളിൽ എടുത്തിട്ടുള്ള വായ്പ എഴുതിത്തള്ളാനും നടപടി സ്വീകരിക്കണം. വെറ്ററിനറി സർവ്വകലാശാല ആരംഭിക്കണം. കെ.എൽ.ഡി. ബോർഡിന് സ്വന്തമായി ആസ്ഥാനമന്ദിരം ഉണ്ടാക്കണം. തിരുവനന്തപുരത്തും എറണാകുളത്തും കോഴിക്കോടും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ച മേഖലാ ഓഫീസുകൾ ബോർഡിന്റെ കീഴിൽ പ്രവർത്തിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കണം. ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമായ സാമ്പത്തിക സഹായം നൽകണം. ക്ഷേമനിധി അംഗങ്ങളുടെ വിവാഹ ധനസഹായം 5,000 രൂപയായി വർദ്ധിപ്പിക്കണം. കന്നുകാലികൾക്കു

ണ്ടാകുന്ന പകർച്ചവ്യാധികളും മറ്റ് രോഗങ്ങളും ചികിത്സയ്ക്കുന്നതിനുള്ള നോഡൽ ഏജൻസിയായി ബോർഡിനെ പ്രവർത്തിപ്പിക്കണം. അഴിമതിയുടെ കൂത്തരങ്ങായ അപ്പെക്സ് ഫെഡറേഷനുകളുടേയും മേഖലാ യൂണിയനുകളുടേയും പ്രവർത്തനങ്ങൾ പരിശോധിക്കണം. മിൽമയുടെ പ്രവർത്തനത്തെക്കുറിച്ച് പരിശോധിക്കണം. പാലിന്റെ വില നിലനിറുത്തിക്കൊണ്ട് ക്ഷീരകർഷകർക്ക് പാൽവില വർദ്ധിപ്പിച്ചുകൊടുക്കണം. ഫിനാൻഷ്യൽ ആഡിറ്റിംഗിനോടൊപ്പം ടെക്നിക്കൽ ആഡിറ്റിംഗും നടത്തണം. എംപ്ലോയേഴ്സിന്റെ ഡിപ്ലോയ്മെന്റ് നടത്തണം. കേരളത്തിലെ ക്ഷീരകർഷകരെ സഹായിക്കുന്ന പ്രസ്ഥാനമായി മിൽമയെ മാറ്റാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. എം. ഉമ്മർ : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 3-ാം വകുപ്പിലെ 4-ാം ഉപവകുപ്പിൽ (എ) പിരിവിൽ '500 ലിറ്റർ പാൽ പ്രതിവർഷം അളക്കുകയും' എന്നുള്ളത് മാറ്റണം. ദാരിദ്ര്യം അനുഭവിക്കുന്ന ക്ഷീരകർഷകരെ സഹായിക്കണം. കൂടുതൽ പേർക്ക് പെൻഷൻ നൽകുന്നതിനെക്കുറിച്ച് ആലോചിക്കണം. ക്ഷേമനിധിയിൽ അംഗങ്ങളല്ലാത്തവർക്കും സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും പാൽ അളക്കുന്നവർക്കും പെൻഷൻ അനുവദിക്കണം. ക്ഷീര സംഘങ്ങളില്ലാത്ത പഞ്ചായത്തുകളിൽ പാൽ അളക്കുന്നവർക്കും പെൻഷൻ നൽകണം. കർഷകന്റേതല്ലാത്ത കുറ്റംകൊണ്ട് ഒരു സംഘം അടച്ചുപൂട്ടേണ്ടി വന്നാൽ ക്ഷീരകർഷകരുടെ അംശദായം തിരിച്ചുകൊടുക്കാനുള്ള പ്രൊവിഷനുണ്ടാകണം. പഞ്ചായ

ത്തുകളെ വിശ്വാസത്തിലെടുത്തുകൊണ്ട് അസംഘടിത മേഖലയിലെ ക്ഷീര കർഷകരെയുംകൂടി ക്ഷേമപദ്ധതിയിൽ ഉൾപ്പെടുത്തി പഞ്ചായത്തിന്റെ ഉൽപ്പാദന മേഖല ഫലപ്രദമായി പ്രയോജനപ്പെടുത്തണം. പാലളക്കുന്ന വർഷം കണക്കിലെടുത്ത് പെൻഷൻ തുകയിൽ ആനുപാതികമായ വർദ്ധനവ് വരുത്തണം. മിൽമയുടെ പ്രശ്നങ്ങൾ ഗവൺമെന്റ് ചർച്ച ചെയ്യണം. പാലിന് കർഷകർക്ക് ലഭ്യമാകുന്ന വില കുറയാതിരിക്കാൻ ശ്രദ്ധിക്കണം. ഹേലി കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കണം.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): കേരളത്തിൽ ധാരാളം പുതിയ ആളുകൾ ക്ഷീര കാർഷിക രംഗത്തേയ്ക്ക് പ്രതീക്ഷയോടുകൂടി കടന്നു വരുന്നുണ്ട്. വിദേശ ഇൻഡ്യാക്കാർപോലും ഡയറി സെക്ടറിൽ പണം നിക്ഷേപിക്കാൻ തയ്യാറാണ്. ലോകത്ത് ഏറ്റവുംകൂടുതൽ പാൽ ഉൽപാദിപ്പിക്കുന്ന രാജ്യം ഇൻഡ്യയാണ്. ക്ഷീരോൽപാദന രംഗത്ത് ആവേശകരമായ മാറ്റം വന്നുകൊണ്ടിരിക്കുകയാണ്. ഇൻഡ്യ പ്രതീക്ഷിക്കുന്ന ഭക്ഷ്യ സുരക്ഷ ക്ഷീരോൽപാദനവുമായി ബന്ധപ്പെട്ടുകൊണ്ടുള്ളതാണ്. പാലുല്പാദനത്തിൽ സംസ്ഥാനം ഗണ്യമായ പുരോഗതി കൈവരിച്ചിട്ടുണ്ട്. ഈ ട്രെന്റ് തുടരുകയാണെങ്കിൽ കേരളത്തിന് പാലിന്റെ കാര്യത്തിൽ സ്വയംപര്യാപ്തത നേടാൻ കഴിയും. ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തണമെന്നും ബാങ്ക് വായ്പയുടെ പലിശ നിരക്ക് ക്രമീകരിക്കണമെന്നുമുള്ള ക്ഷീര കർഷകരുടെ ആവശ്യങ്ങളെ സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റിന് എഴുതിയ കത്തിന് അനുമതി ലഭിച്ചാൽ ഒന്നോ രണ്ടോ പശുക്കളെ വളർത്തുന്നവരെ സ്വയംതൊഴിലിൽ ഏർപ്പെടുന്നവരായി പരിഗണിച്ചുകൊണ്ട് അവർക്ക് വേതനം കിട്ടുന്ന അവസ്ഥയുണ്ടാകും. ഉല്പാദനത്തിനനുസൃതമായി വില കിട്ടുന്നതിന് ക്ഷീര കർഷകരുമായി ചർച്ച

ചെയ്യാൻ തയ്യാറാണ്. മൂന്നാം വകുപ്പിൽ പത്തു വർഷമെങ്കിലും പ്രാഥമിക ക്ഷീര സഹകരണ സംഘത്തിൽ പാൽ അളക്കുകയും എന്നതിനു പകരം അഞ്ച് വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം അളക്കുകയും എന്ന് ഭേദഗതി ചെയ്തിട്ടുണ്ട്. അസംഘടിതമേഖലയിൽ ക്ഷീര കർഷകരുടെ മുഴുവൻ ആനുകൂല്യങ്ങളും ഉൾപ്പെടുന്നില്ല എന്നുള്ള ആക്ഷേപം ഈ ക്ഷേമപദ്ധതി കൂടുതൽ വ്യാപകമാക്കുന്ന സമയത്ത് പരിശോധിക്കുന്നതാണ്. 21 കോടി രൂപയുടെ പശുക്കളെ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ഇൻസെമിനേഷൻ പരിപൂർണ്ണമായി സൗജന്യമാക്കിയതുവഴി ക്ഷീര കർഷകർക്ക് 7 കോടി രൂപയുടെ ലാഭം ഉണ്ടായി. പുൽകൃഷി വ്യാപകമാക്കാൻ പ്രതിവർഷം 2 കോടി രൂപയുടെ ഗ്രാന്റ് കൊടുക്കുന്നുണ്ട്. അസോള കൃഷി വ്യാപകമായി നടത്തുന്നുണ്ട്. സർക്കാർ പുറംപോക്ക് സ്ഥലങ്ങളിലേയ്ക്ക് പുൽകൃഷി വ്യാപിപ്പിക്കാൻ വിവിധ ഡിപ്പാർട്ടുമെന്റുകളുമായി ചർച്ച നടന്നുകൊണ്ടിരിക്കുകയാണ്. കുളത്തൂപ്പുഴയിൽ കെ.എൽ.ഡി. ബോർഡിന്റെ നേതൃത്വത്തിൽ പബ്ലിക് സെക്ടറിൽ ഹൈടെക് ഡയറി ആരംഭിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലും ഹൈടെക് ഡയറികൾ ആരംഭിക്കും. ജില്ലാപഞ്ചായത്തിന്റെ നേതൃത്വത്തിൽ പാലോട് ഒരു ഹൈടെക് ഡയറിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഓർഗനൈസ്ഡ് സെക്ടറിൽത്തന്നെ പാലുൽപ്പാദനം ക്രമാതീതമായി വർദ്ധിപ്പിക്കാൻ കഴിയുന്ന സാഹചര്യമാണുള്ളത്. പുതിയ ക്ഷീര കർഷകർക്ക് ധാരാളം ആനുകൂല്യങ്ങൾ ഇനിയും കൊടുക്കാൻ സർക്കാർ നടപടികൾ എടുത്തുകൊണ്ടിരിക്കുകയാണ്. സഹകരണ സംഘം രൂപീകരിക്കുന്നതുതന്നെ ക്ഷീര കർഷകർക്കുവേണ്ടിയാണ്. പ്രൈമറി സഹകരണ സംഘം ഓർഗനൈസ് ചെയ്യുന്നതിനും അവർക്കാവശ്യമായ സഹായങ്ങൾ കൊടുക്കുന്നതിനുമായി ഇപ്പോൾ

10 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ക്ഷീര കർഷകർ സംഭരിക്കുന്ന പാൽ കേരള ത്തിലെ ജനങ്ങൾക്ക് നിയന്ത്രിത വിലയ്ക്ക് വിതരണം ചെയ്യാൻ കഴിയുന്ന പദ്ധതിയാണ് ആസൂത്രണം ചെയ്യുന്നത്. കേരളത്തിൽ പാലിന്റെ വില നിശ്ചയിക്കുന്നത് മിൽമയാണ്. കന്നുകാലികൾക്ക് അത്യുൽപ്പാദനശേഷി കൈവരിക്കുന്നതിനായി നിരവധി പദ്ധതികൾ ഗവൺമെന്റ് ആവിഷ്ക്കരിച്ചു വരികയാണ്. അത്യൽപ്പാദനശേഷിയുള്ള ബീജം ഇറക്കുമതി ചെയ്യുന്നതിന് കേന്ദ്ര ഗവൺമെന്റ് അനുവാദം തന്നിട്ടുണ്ട്. വിദേശത്തുനിന്നും ബീജം ഇറക്കുമതി ചെയ്യുന്നതിനായി കെ.എൽ.ഡി. ബോർഡിനെ ചുമതല പ്പെടുത്തിയിട്ടുണ്ട്. ചെറുകിട ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിനായി ക്ഷീര കർഷകരേയും കന്നുകാലികളേയും ഇൻഷ്വർ ചെയ്യാനുള്ള തുക ബഡ്ജറ്റിൽ വക കൊള്ളിച്ചതിന്റെ ഫലമായി 14 ജില്ലകളിലേയും കന്നുകാലി കളെ ഇൻഷ്വർ ചെയ്യാനും ക്ഷീരകർഷകരെ സാമ്പത്തികമായി സഹായിക്കാനും ഡിപ്പാർട്ടുമെന്റിന് കഴിഞ്ഞിട്ടുണ്ട്. 15 വർഷത്തിനുള്ളിൽ ഇൻഡ്യയിലെ പാൽ ഉൽപ്പാദനം രണ്ടിരട്ടിയാക്കി വർദ്ധിപ്പിക്കാനുള്ള ശ്രമം നാഷണൽ ഡയറി ഡെവലപ്മെന്റ് ബോർഡ് നടത്തുന്നുണ്ട്. അതിന്റെ എല്ലാ സാങ്കേതിക സാമ്പത്തിക സഹായവും കേരളവും നേടിയെടുക്കുന്നതായിരി ക്കും. പാലുൽപ്പാദനത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയ എക്സ്പെർട്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ മൂന്ന് ഘട്ടങ്ങളായി നടപ്പാക്കുന്ന താണ്. ബിൽ പരിഗണനയ്ക്കെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

107, 109, 111, 112, 123, 134, 136, 137 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

112-ാം നമ്പർ ഭേദഗതി 17-നെതിരെ 57 വോട്ടുകളോടെ സഭ നിരാകരിച്ചു.

123-ാം നമ്പർ ഭേദഗതി 17-നെതിരെ 57 വോട്ടുകളോടെ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>5-ാം വകുപ്പ്</u>

138, 143, 142 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

ഭക്ഷ്യവും സിവിൽസപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി <u>(ശ്രീ. സി. ദിവാകരൻ):</u> 2010-ലെ കേരള ക്ഷീര കർഷക ക്ഷേമനിധി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി

2010-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ദേവസ്വവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. സി. ടി. അഹമ്മദ് അലി: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കായിക വികസന രംഗത്ത് സംസ്ഥാനം ഒട്ടേറെ പദ്ധതികൾ നടപ്പാക്കിയെങ്കിലും പരിശീലന സൗകര്യത്തിന്റെ അപര്യാപ്തത കാരണം അവ വികസിപ്പിച്ചെടുക്കാൻ സാധിച്ചില്ല. സ്റ്റേഡിയങ്ങളും കളിസ്ഥലങ്ങളും വികസിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണം. ധനകാര്യ വകുപ്പും സ്പോർട്ട്സ് കൗൺസിലുമെല്ലാംതന്നെ ആവശ്യമായ ഫണ്ട് അനുവദിച്ചാൽ മാത്രമേ സ്പോർട്ട്സ് സൗകര്യങ്ങൾ വർദ്ധിപ്പിക്കാനും ഈ ബിൽകൊണ്ട് ഉദ്ദേശിക്കുന്ന ഫലം ലഭ്യമാക്കാനും കഴിയുകയുള്ളൂ. ഗ്രാമതലം മുതൽ കായിക വികസനം ശക്തിപ്പെടുത്തണം. ദേശീയ/അന്തർദേശീയ തലത്തിൽ ഏറ്റവും നല്ല കായിക പ്രതിഭകളെ വളർത്തിയെടുക്കുന്നതിനാവശ്യമായ പരിശീലനം കൊടുക്കണം.

ശ്രീ. വി. ശിവൻകുട്ടി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2010-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 35-ാമത് ദേശീയ ഗെയിംസ് 2010-ൽ നടക്കാൻ പോകുന്ന സാഹചര്യത്തിൽ അന്താരാഷ്ട്ര നിലവാരത്തിൽ കായിക രംഗത്തെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ഇൻഡോർ, ഔട്ട്ഡോർ സ്റ്റേഡിയങ്ങൾ പുനരുദ്ധരിക്കുന്നതിനും ശ്രദ്ധിക്കണം. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നിവിടങ്ങളിലെ പ്രധാനപ്പെട്ട വേദികൾ ഏതാണ്ട് 600 കോടി രൂപ ചെലവഴിച്ച് നാഷണൽ ഗെയിംസ് വിജയിപ്പിക്കുന്നതിനുള്ള പ്രവർത്തനം ആരംഭിച്ചിരിക്കുകയാണ്. അത് പൂർത്തീകരിക്കുമ്പോൾ കേരളം ഇന്റർനാഷണൽ കായിക മത്സരങ്ങൾ നടത്തുന്നതിന് പര്യാപ്തമായ സംസ്ഥാനമായി മാറും. കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിലുൽപ്പെടുത്താനുള്ള തീരുമാനം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുള്ളത് കേരളത്തിൽ മാത്രമാണ്. കേരളത്തിൽ കായിക വിദ്യാഭ്യാസം ഒന്നാം ക്ലാസ് മുതൽ 12-ാം ക്ലാസ് വരെയുള്ള പാഠ്യപദ്ധതിയുടെ ഭാഗമാക്കാനാണഅ തീരുമാനിച്ചിരിക്കുന്നത്. 2008-09-ൽ ഏതാണ്ട് 1628943 വിദ്യാർത്ഥികളെ കായികക്ഷമത പരിശോധന നടത്തുന്നതിനുവേണ്ടി തയ്യാറാക്കിയിട്ടുണ്ട്. എല്ലാ പരിശോധനയിലും ഏറ്റവും കുറഞ്ഞ നിലവാരമെങ്കിലും നേടാൻ കഴിഞ്ഞത് 19.61 ശതമാനം കുട്ടികൾ മാത്രമാണ്. ഈ കായികക്ഷമത പരിശോധനയിൽ ഏതാണ്ട് 75 പോയിന്റിന് മുകളിൽ നേടാൻ കഴിഞ്ഞത് വെറും 4.1 ശതമാനം മാത്രമാണ്. 75 പോയിന്റിലധികം ലഭിച്ചിട്ട് 2-ാം ഘട്ട പരിശോധനയിൽ പങ്കെടുത്തത് 4.1 ശതമാനം കുട്ടികളാണ്. ബഡ്ജറ്റ് സപ്പോർട്ടുള്ള ഒരു

പ്രത്യേക വകുപ്പായി കായികം മാറേണ്ടതായിട്ടുണ്ട്. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സാധാരണക്കാരാണ് കായികരംഗത്ത് നേട്ടങ്ങളൊക്കെ ഉണ്ടാക്കിയിട്ടുള്ളത്. ഈ കായിക താരങ്ങൾക്ക് സാമ്പത്തിക സംരക്ഷണം കൊടുക്കുന്നതിനുള്ള സമീപനം സ്വീകരിക്കണം. കേരളത്തിലെ കായിക രംഗം മുഴുവൻ നിയന്ത്രിക്കുന്നത് മുപ്പത്തിയെട്ടോളം വരുന്ന അസോസ്സിയേഷനുകളാണ്. ഈ അസോസ്സിയേഷനുകളാണ് കായിക രംഗത്തെ പ്രൊമോഷൻ നടത്തേണ്ടത്. ഈ അസോസ്സിയേഷനുകളിൽ യാതൊരു ഇടപെടലും നടത്താൻ സംസ്ഥാന ഗവൺമെന്റിന് അധികാരമില്ല. ദേശീയ അടിസ്ഥാനത്തിലുള്ള ഭാരവാഹിത്വത്തിന് കേന്ദ്ര ഗവൺമെന്റ് 8 വർഷത്തെ നിയന്ത്രണം വരുത്തുന്നതിനുവേണ്ടിയുള്ള ചില ആലോചനകളും നിയമങ്ങളും ഉണ്ടാക്കിയിട്ടുണ്ട്. എന്നാൽ സംസ്ഥാന ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം യാതൊരു നിയന്ത്രണവുമില്ലാത്ത സ്ഥിതിവിശേ ഷമാണ്. സംസ്ഥാന ഗവൺമെന്റിന് ഈ അസോസ്സിയേഷനുകളെ നിയന്ത്രിക്കുന്നതിനുള്ള നിയമങ്ങൾ ആവശ്യമാണ്. സ്പോർട്ട്സ് കൗൺസിലുകളിൽ ജനാധിപത്യപരമായി തെരഞ്ഞെടുപ്പുകൾ നടത്തിയത് ഈ ഗവൺമെന്റാണ്. കായിക രംഗത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി സിനിമാതാരങ്ങൾ രംഗത്ത് വന്നത് സ്വാഗതാർഹമാണ്. കായിക അദ്ധ്യാപ കർക്ക് മോഡേൺ രീതിയിൽ പരിശീലനം കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. ആൾ ഇൻഡ്യാ ഫുട്ബോൾ ഫെഡറേഷൻ ആണ് ഫുട്ബാളിന്റെ ബൈലായും മറ്റുകാര്യങ്ങളും ഉണ്ടാക്കുന്നത്. നയൻസും ഇവ ലൻസും മാത്രമാണ് ആൾ ഇൻഡ്യാ ഫൂട്ബാൾ ഫെഡറേഷൻ അംഗീകരിച്ചു ട്ടുള്ളത്. സെവൻസും ത്രീസും ഫൈവ്സും ഉണ്ട്. ഈ ടൂർണമെന്റുകൾ കേരളത്തിലെ വലിയ ജനവിഭാഗങ്ങളെ ആകർഷിക്കുകയും പുതിയപുതിയ

കളിക്കാരെ കൊണ്ടുവരുന്നതിനും സഹായിക്കുന്നുണ്ട്. നിയമപരമായി അല്ലെങ്കിൽത്തന്നെയും അതിന് അംഗീകാരം ലഭിക്കുന്നതിനുവേണ്ട ശ്രമങ്ങൾ നടത്തണം.

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2010-ലെ കേരള സ്പോർട്ടസ് (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സ്റ്റേറ്റ് കൗൺസിലിൽ വരേണ്ടവർ അന്തർദ്ദേശീയതലത്തിലുള്ളവരാകണം. 14-ാം വകുപ്പിൽ ഡെപ്യൂട്ടി കളക്ടർ എന്നു പറയുന്നത് ജില്ലാ സ്പോർട്ട്സ് കൗൺസിലിൽ വരേണ്ടതാണ്. അതിന് ക്ലാരിഫിക്കേഷൻ വേണം. എറണാകുളത്തെ റീജിയണൽ സ്പോർട്ട്സ് സെന്ററിൽ കളക്ടർ ചെയർമാനായ കമ്മിറ്റി പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതുപോലെ കേരളത്തിൽ സ്പോർട്ട്സ് കൗൺസിൽ ആരംഭിച്ചിട്ടുള്ള പദ്ധതികൾക്ക് ആവശ്യത്തിന് ഫണ്ടും നിയന്ത്രിക്കാൻ കമ്മിറ്റികളും ഉണ്ടാകണം. പി.ടി. ഉഷ അക്കാഡമിക്ക് 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ജി.വി. രാജ സ്പോർട്ട്സ് സ്കൂളിന്റേയും കണ്ണൂർ സ്പോർട്ട്സ് സ്കൂളിന്റേയും സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതോടൊപ്പം അവിടെ പഠിക്കുന്ന കുട്ടികൾക്ക് ആവശ്യമായ ഫെസിലിറ്റീസും ലഭ്യമാക്കണം. സ്പോർട്ട്സ് കൗൺസിൽ പ്രസിഡന്റിനെ നിയമിക്കാനുള്ള അധികാരം ഗവൺമെന്റിൽ നിക്ഷിപ്തമായതിനാൽ ആ സ്ഥാനത്തിന് യോഗ്യനായ ആളെത്തന്നെ നിയമിക്കേണ്ടതാണ്. സ്പോർട്ട്സ് കൗൺസിൽ മുഖേന സ്പോർട്ട്സ് സ്കൂളിലേക്കു നടത്തുന്ന കുട്ടികളുടെ സെലക്ഷൻ പ്രോസ്സസ് കുറ്റമറ്റതാണെന്ന് ഉറപ്പുവരുത്തണം. എറണാകുളത്ത് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മേഴ്സിക്കുട്ടൻ സ്പോർട്ട്സ് അക്കാഡമിക്ക് ആവശ്യമായ സ്ഥലം അനുവദിച്ച് വിപുലീകരിച്ചാൽ ധാരാളം കുട്ടികൾക്ക്

പരിശീലനം കൊടുക്കാൻ സാധിക്കും. താൽക്കാലിക കോച്ച്മാർക്കു പകരം ക്വാളിഫൈഡായിട്ടുള്ള സ്ഥിരം കോച്ചുമാരെ നിയമിക്കണം. സ്പോർട്ട്സ് അസോസിയേഷനുകളിൽ എന്നപോലെ സ്പോർട്ട്സ് കൗൺസിലിന്റെ സാമ്പത്തിക ഇടപാടുകളിലും ഗവൺമെന്റ് ഇടപെടണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം.വിജയകുമാർ): ഇവിടെ ഉയർന്നു വന്ന വിലപ്പെട്ട നിർദ്ദേശങ്ങളെല്ലാം പൂർണ്ണമായി അംഗീകരിക്കുകയാണ്. ഈ നിയമം നടപ്പിലാകുന്നതോടുകൂടി സ്പോർട്ട്സ് രംഗത്ത് നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയും. കേരളത്തിന്റെ കായിക വർഷമായ 2010-ൽ തന്നെ ഈ നിയമം നടപ്പിലാക്കാൻ സാധിക്കുന്നു എന്നുള്ളത് വലിയ നേട്ടമാണ്. സ്പോർട്ട്സിനു മാത്രമായി ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തിയാൽ കായിക രംഗത്ത് നേട്ടമുണ്ടാക്കാൻ കഴിയും. പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ട് സ്പോർട്ട്സ് അസോസിയേഷനുകളിലെ തർക്കങ്ങൾ പരിഹരിക്കുന്നതിന് ശ്രമിക്കുന്നതാണ്. സ്റ്റേഡിയങ്ങളുടെ നവീകരണത്തിന് ഗവൺമെന്റ് പ്രാധാന്യം നൽകിയിട്ടുണ്ട്. വരുന്ന നാഷണൽ ഗെയിംസോടുകൂടി യൂണിവേഴ്സിറ്റി സ്റ്റേഡിയം, ചന്ദ്രശേശേഖരൻ നായർ സ്റ്റേഡിയം, സെൻട്രൽ സ്റ്റേഡിയം എന്നിവ നവീകരിക്കുന്നതാണ്. യൂണിവേഴ്സിറ്റി സ്റ്റേഡിയത്തിൽ നടക്കുന്ന 2010-ലെ നാഷണൽ ഗെയിംസിന്റെ ഓപ്പണിംഗ് സെറിമണിക്കുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. എറണാകുളത്തെ റീജിയണൽ സ്പോർട്ട്സ് സെന്റർ അഞ്ച് കോടി രൂപ ചെലവഴിച്ചാണ് നവീകരിക്കുന്നത്. നാഷണൽ ഗെയിംസിനുവേണ്ടി നാഷണൽ ഗെയിംസിന്റെ ഫണ്ട് ഉപയോഗിച്ച് സ്റ്റേഡിയങ്ങൾ നവീകരിക്കുമ്പോൾ ബന്ധപ്പെട്ട സ്ഥാപനങ്ങൾക്ക് ഇഷ്ടംപോലെ വാണിജ്യാവശ്യങ്ങൾക്കൊന്നും അവിടം അനുവദി

ക്കാൻ പറ്റില്ല. അതിനുവേണ്ടി ഉണ്ടാക്കുന്ന കരാർ അനുസരിച്ചായിരിക്കും ഭാവി പ്രവർത്തനങ്ങൾ നടക്കുക. സ്റ്റേഡിയങ്ങൾ സ്പോർട്ട്സിനു വേണ്ടി മാത്രമായി നിജപ്പെടുത്തിക്കൊണ്ടുള്ള നിയമങ്ങളും നടപടികളും ഈ ബില്ലിന്റെ ഭാഗമായി നടപ്പിലാക്കുന്നതാണ്. സ്പോർട്ട്സിന്റെ വളർച്ചയ്ക്കു വേണ്ടി ബ്രാൻഡ് അംബാസഡർമാരുടെ നിയമനത്തിൽ സ്പോർട്ട്സ് താരങ്ങൾക്കും കലാകാരന്മാർക്കും മുൻഗണന കൊടുക്കണമെന്നതിനോട് യോജിക്കുന്നു. സ്പോർട്ട്സിന്റെ കാര്യത്തിനായി നിയോഗിക്കപ്പെട്ട എ.കെ. പാണ്ഡ്യയുടെ നേതൃത്വത്തിലുള്ള കമ്മീഷൻ സമർപ്പിച്ച ശുപാർശകളിൽ കായിക വിദ്യാഭ്യാസം പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തണമെന്നത് ഈ വർഷം കേരളത്തിൽ നടപ്പാകുകയാണ്. കൂടാതെ ഒരു സ്കൂളിനെ സ്പോർട്ട്സ് സ്കൂൾ ആക്കി മാറ്റാനുള്ള തീരുമാനവും സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. 2010-ൽ നാഷണൽ ഗെയിംസ് നടത്താനായി ഒരു കോടി രൂപ ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ഒക്ടോബറിൽ ഡൽഹിയിൽ വച്ച് നടക്കുന്ന കോമൺ വെൽത്ത് ഗെയിമിനു ശേഷം നടത്താനാണ് തീരുമാനിച്ചിട്ടുള്ളത്. ഏറ്റവും ഭംഗിയായി നാഷണൽ ഗെയിംസ് നടത്തുക, അതിൽ പങ്കെടുത്തുകൊണ്ട് കേരളം ഒന്നാം സ്ഥാനം നേടുക, നാഷണൽ ഗെയിംസ് കഴിഞ്ഞാൽ ഏത് അന്തർദേശീയ മൽസരവും നടത്താൻ കഴിയുന്ന ഒരു സംസ്ഥാനമായി കേരളത്തെ മാറ്റുക എന്നിവയാണ് നാഷണൽ ഗെയിംസ് കൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. കേരളത്തിൽ ഏഴ് കേന്ദ്രങ്ങളിലായി നടക്കുന്ന നാഷണൽ ഗെയിംസിന്റെ ഭാഗമായി കേരളം മുഴുവൻ വികസനം വരാൻ പോകുകയാണ്. 455 കോടി രൂപയുടെ അടിസ്ഥാന സൗകര്യ വികസനത്തിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ചരിത്രത്തിൽ ആദ്യമായി 110 കോടി രൂപയുടെ സഹായം

പ്ലാനിംഗ് കമ്മീഷനിൽ നിന്നും കിട്ടിയിരിക്കുകയാണ്. സ്പോർട്ട്സിൽ മികവുള്ള കുട്ടികളെ ദേശീയ/അന്തർദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് ആവശ്യമായ പ്രോൽസാഹനം നൽകുന്നതാണ്. ഉഷാ സ്പോർട്ട്സ് സ്കൂളിന്റേയും മേഴ്സിക്കുട്ടൻ അത്‌ലറ്റിക് അക്കാഡമിയുടേയും പുരോഗതിക്കായി സർക്കാർ മുൻകൈയെടുക്കുന്നതാണ്. വെള്ളായണിയിൽ എസ്.സി/എസ്.ടി ഡിപ്പാർട്ടുമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന സ്പോർട്ട്സ് സ്കൂളിന് ആവശ്യമായ സഹായം നൽകുന്നുണ്ട്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>നാലാം വകുപ്പ്</u>

117-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

<u>അഞ്ചാം വകുപ്പ്</u>

125-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഖണ്ഡം 5 പ്രകാരം ഭേദഗതി ചെയ്യാനുദ്ദേശിക്കുന്ന പ്രധാന ആക്ടിലെ 14-ാം വകുപ്പിൽ (1)-ാം ഉപവകുപ്പിൽ "സെക്ഷൻ ഓഫീസറുടെ" എന്നതിനുപകരം "സെക്രട്ടേറിയറ്റ് സർവ്വീസിലെ സെക്ഷൻ ഓഫീസർ പദവിയിൽ, അല്ലെങ്കിൽ സർക്കാർ സർവ്വീസിലെ വിവിധ വകുപ്പുകളിലെ സമാന പദവിയിൽ താഴെയല്ലാത്ത" എന്നത് ചേർക്കുക.

125-ാം നമ്പർ ഭേദഗതിയും മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിക്ക് ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും 13-നെതിരെ 60 വോട്ടുകളോടെ സഭ നിരാകരിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

## ആറാം വകുപ്പ്

136-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): 2010-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2010-ലെ കേരള സ്പോർട്ട്സ് (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ ഐകകണ്ഠ്യേന സഭ പാസ്സാക്കി.

സഭ വൈകുന്നേരം 6.40-ന് പിരിഞ്ഞു.